ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഒക്ടോബർ 2026



## 800th Anniversary

**FRANCISCAN JUBILEE YEAR**

**2026 JANUARY 10 - 2027 JANUARY 10**

ഇടുക്കി രൂപത

6-ാമത്

# മരിയൻ തീർത്ഥാടനം

2026 സെപ്റ്റംബർ 05 ശനി
















# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**ഒക്ടോബർ 2026**

Volume : 23   Issue No. 10

---

| | |
|---|---|
| Patron | **Mar John Nellikunnel** (Bishop of Idukki) |
| Chief Editor | **Rev. Fr. Ponpanal Martin** |
| Editor in-charge | **Rev. Fr. Kavunkal Jose** |
| Office | Bishop’s House Idukki,<br>Karimpan, Manippara P.O. - 685 602 |
| Phone | +91 9061 230 151 |
| Website | www.idukkidiocese.org |
| e-mail | sahyanadhammonthly@gmail.com<br>curiaidukki@gmail.com |

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

**ഒക്ടോബർ 2026**


1. മാർപ്പാപ്പയുടെ മിഷൻ സന്ദേശം ........ 05
2. മേജർ ആർച്ച്ബിഷപ്പിന്റെ സർക്കുലർ ........ 14
3. KCBC സർക്കുലർ ഫ്രാൻസിസ്കൻ ജൂബിലി ........ 18
4. സർക്കുലർ - ഫ്രാൻസിസ്കൻ ജൂബിലി വർഷം ........ 23
5. സർക്കുലർ - ജപമാല മാസാചരണം ........ 27
6. സർക്കുലർ - One Million Children Praying Rosary ........ 30
7. കച്ചേരി വാർത്തകൾ ........ 32
8. സാന്താ മരിയ മിഷൻ ........ 37
9. മാർ എഫ്രേം മൈനർ സെമിനാരി ........ 38
10. സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ് ........ 38
11. കുടുംബ കൂട്ടായ്മ ........ 40
12. ബൈബിൾ അപ്പോസ്തലേറ്റ് ........ 43
13. ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രം ........ 47
14. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 49
15. സോഷ്യൽ സർവ്വീസ് ........ 50
16. KCSL ........ 51
17. ചെറുപുഷ്പ മിഷൻലീഗ് ........ 52
18. KCYM / SMYM ........ 54
19. ഫാമിലി അപ്പോസ്തലേറ്റ് ........ 55
20. മാതൃവേദി ........ 56
21. മഡോണ സിംഗിൾസ് മിനിസ്ട്രി ........ 58
22. KCBC വിമൻസ് കമ്മീഷൻ ........ 58
23. കരുണ നെടുങ്കണ്ടം ........ 59
24. ഇൻഫാം ........ 59
25. പ്രാർത്ഥനാ ഗ്രൂപ്പ് ........ 60
26. ജീസസ് യൂത്ത് ........ 61
27. പാവനാത്മാ കോളേജ് ........ 61
28. സന്ന്യസ്തർ ........ 63
29. നാളാഗമം ........ 66
30. Bishop’s Engagements ........ 69
31. ഓർമ്മിക്കാൻ ........ 70

## മാർപാപ്പയുടെ
# സന്ദേശം

Ref: 4324/K-5/KCBC/OL/DS 16.09.2026

## പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ 2026 ഒക്ടോബർ 18–ാം തീയതി നടക്കുന്ന നൂറാമത് ആഗോള പ്രേഷിത ഞായറാഴ്ചയോടനുബന്ധിച്ച് നൽകുന്ന സന്ദേശം

### "ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന് "

പ്രിയ സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ സ്ഥാപിക്കുകയും സഭയ്ക്ക് ഏറ്റവും പ്രിയങ്കരമായതുമായ ആഗോള പ്രേഷിത ഞായറാചരണത്തിന്റെ നൂറാം വർഷം ആഘോഷിക്കുന്ന ഈ ആണ്ടിൽ ചിന്താവിഷയമായി "ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന് " എന്നത് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. ജൂബിലി വർഷത്തിനുശേഷം സഭ മുഴുവനും തന്റെ പ്രേഷിത യാത്ര പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും തീക്ഷ്ണതയിലും തുടരുന്നതു ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ക്രിസ്തുവിൽ ഒന്നായിത്തീർന്ന ഹൃദയങ്ങളും അനുരഞ്ജിതമായ സമൂഹങ്ങളും വ്യക്തികളും ഉദാരതയോടും പരസ്പര വിശ്വാസത്തോടും സഹകരിക്കാൻ സന്മനസ്സുള്ളവരാകേണ്ടതുണ്ട്.

"ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന് " ദൈവകൃപയാൽ നാം നയിക്കപ്പെടാനും പ്രചോദിപ്പിക്കപ്പെടാനും നമ്മെത്തന്നെ വിട്ടുകൊടുക്കാം. അങ്ങനെ നമ്മുടെ പ്രേഷിത വിളിയുടെ അഗ്നിയാൽ നാം തന്നെയും നവീകരിക്കപ്പെടുകയും സഭയുടെ ചരിത്രത്തിലെ "ഈ പുതിയ പ്രേഷിത യുഗത്തിൽ" സുവിശേഷവൽക്കരണത്തിന്റെ പ്രതിജ്ഞാബദ്ധതയിൽ പുരോഗമിക്കാൻ ഇടവരുത്തപ്പെടുകയും ചെയ്യുമാറാകട്ടെ (ആഗോള പ്രേഷിതരുടെയും കുടിയേറ്റക്കാരുടെയും ജൂബിലിയുടെ അവസരത്തിൽ നടത്തിയ സുവിശേഷ പ്രഭാഷണം; 5 ഒക്ടോബർ 2025).

1. **ക്രിസ്തുവിൽ ഒന്നായി – പ്രേഷിത ശിഷ്യർ എന്ന നിലയിൽ അവിടത്തോടും നമ്മുടെ സഹോദരീ സഹോദരന്മാരോടും ചേർന്നിരുന്നുകൊണ്ട്**

ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യമാണ് പ്രേഷിത ദൗത്യത്തിന്റെ കാതൽ. തന്റെ പീഡാനുഭവത്തിനുമുമ്പ് യേശു ഇപ്രകാരം പ്രാർത്ഥിച്ചു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും..." (യോഹ. 17, 21). ഈ വാക്കുകൾ വെളിപ്പെടുത്തുന്നത് യേശുവിന്റെ അത്യഗാധമായ ആഗ്രഹവും തന്റെ ശിഷ്യരുടെ സമൂഹം എന്ന നിലയിലുള്ള സഭയുടെ സ്വത്വവും ആണ്. അത് പരിശുദ്ധ ത്രിത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്ന കൂട്ടായ്മ ആണ്; ത്രിത്വം തന്നെയാണ് അതിനെ നിലനിർത്തുന്നതും. ഈ കൂട്ടായ്മ പ്രകാശിതമാകുന്നത് എല്ലാം മനുഷ്യരുടെയും ഇടയിലുള്ള സാഹോദര്യത്തിന്റെ ശുശ്രൂഷയിലും സകല സൃഷ്ടികളുമായുള്ള മൈത്രിയിലുമാണ്.

ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ ചില അനുഷ്ഠാനങ്ങളിലോ ആശയങ്ങൾ സ്വീകരിക്കുന്നതിലോ അല്ല അടങ്ങിയിരിക്കുന്നത്; അത് ക്രിസ്തുവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ്. അതിൽ പുത്രന് പിതാവുമായുള്ള പുത്രസഹജമായ ബന്ധത്തിൽ നാം പരിശുദ്ധാത്മാവ് വഴി ഭാഗഭാക്കുകൾ ആയിത്തീരുന്നു. അതിന്റെ അർത്ഥം, മുന്തിരിച്ചെടിയുടെ ശാഖകൾ തായ്ത്തണ്ടിനോടു ചേർന്നിരിക്കുന്നതുപോലെ, ക്രിസ്തുവിൽ വസിക്കുക എന്നതാണ് (യോഹ. 15, 4 കാണുക); അതായത്, ത്രിത്വത്തിന്റെ ജീവനിൽ ആഴ്ന്നിറങ്ങിയിരിക്കുക എന്നത്. ഈ ഐക്യം വിശ്വാസികളുടെ ഇടയിൽ പരസ്പരമുള്ള ഐക്യം ഉളവാക്കുന്നു; എല്ലാത്തരം പ്രേഷിത ഫലദായകത്വത്തിന്റെയും ഉറവിടവും അതുതന്നെ. വിശുദ്ധ ജോൺപോൾ രണ്ടാമൻ പഠിപ്പിച്ചതുപോലെ, "കൂട്ടായ്മ പ്രേഷിതത്വത്തിന്റെ ഉറവിടവും ഫലവും പ്രതിനിധീകരിക്കുന്നു" (അൽമായ വിശ്വാസികൾ *[Christfidelis Laici]*, 32).

ഈ പശ്ചാത്തലത്തിൽ തന്റെ അംഗങ്ങളുടെ ഇടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം നവീകരിക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് സഭയുടെ പ്രഥമ പ്രേഷിതദൗത്യം. പല സാഹചര്യങ്ങളിലും നാം നേരിടുന്നത് സംഘർഷങ്ങളും ധ്രുവീകരണവും തെറ്റിദ്ധാരണകളും പരസ്പരമുള്ള വിശ്വാസമില്ലായ്മയുമാണ്. ഇക്കാര്യം നമ്മുടെ സമൂഹങ്ങളിൽ സംഭവിക്കുമ്പോൾ, ഇത് നമ്മുടെ സാക്ഷ്യത്തിന് കുറവ് വരുത്തുന്നു. ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപ്പിച്ച സുവിശേഷ വൽക്കരണ

ദൗത്യം എല്ലാറ്റിനുമുപരിയായി രമ്യതപ്പെട്ട് ഐക്യത്തിനായി കാംക്ഷിക്കുന്ന ഹൃദയങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അക്കാരണത്താലും നാം ഒരുമിച്ച് നിഖ്യാ സൂനഹദോസിന്റെ 1700–ാം ആണ്ട് ആഘോഷിച്ച പശ്ചാത്തലത്തിലും എല്ലാ സഭകളും ചേർന്നുള്ള സഭൈക്യശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

അവസാനമായി, എന്നാൽ പ്രാധാന്യത്തിന് ഒട്ടും കുറവില്ലാത്ത വിധം, "ക്രിസ്തുവിൽ ഒന്നായിരിക്കുക" എന്നത് നമ്മുടെ ദൃഷ്ടികൾ കർത്താവിൽ ഉറപ്പിച്ച് നിർത്താനായി ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവിടുന്ന് യഥാർത്ഥത്തിൽ നമ്മുടെ വ്യക്തിജീവിതങ്ങളുടെയും സമൂഹങ്ങളുടെയും, നമ്മുടെ ഓരോ വാക്കിന്റെയും പ്രവൃത്തിയുടെയും വ്യക്തിബന്ധങ്ങളുടെയും  കേന്ദ്രബിന്ദു ആയി തീരേണ്ടതുണ്ട്. അതുവഴിയായി നമുക്ക് വിസ്മയപൂർവം പറയാൻ കഴിയണം, "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" എന്ന് (ഗലാ. 2, 20). അവിടുത്തെ വചനം നിരന്തരം ശ്രവിച്ചുകൊണ്ടും കൂദാശകളിൽ നിന്നുള്ള കൃപാവരം സ്വീകരിച്ചുകൊണ്ടും സഭയിൽ സജീവശിലകൾ ആയിത്തീരാൻ നമുക്ക് സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിനെ തുടർന്ന് വന്ന പാപ്പാമാരുടെ പ്രബോധനത്തിന്റെയും, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പായുടെ ചിന്തകളുടെയും, അടിസ്ഥാനത്തിലുള്ള മുഖ്യ പ്രമേയങ്ങൾ സ്വീകരിക്കാൻ സഭ ഇന്ന് വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, "ഞങ്ങൾ പ്രഘോഷിക്കുന്നത് ഞങ്ങളെയല്ല; പ്രസ്തുത യേശുക്രിസ്തുവിനെ കർത്താവായാണ്" (2 കോറി.  4, 5). അതിനാൽ വിശുദ്ധ പോൾ ആറാമന്റെ  വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: "ദൈവപുത്രനായ നസ്രത്തിലെ യേശുവിന്റെ നാമവും പഠനവും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും  പ്രഘോഷിക്കുന്നില്ലെങ്കിൽ അത് യഥാർത്ഥ സുവിശേഷവൽക്കരണം ആവുകയില്ല" (സുവിശേഷപ്രഘോഷണം *[Evangelii Nuntiandi]* എന്ന അപ്പസ്തോലിക ആഹ്വാനം, 22). സുവിശേഷവൽക്കരണപ്രക്രിയ യഥാർത്ഥത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ആരംഭിച്ചുകൊണ്ടാണ് എല്ലാ മനുഷ്യരിലേക്കും എത്തിച്ചേരേണ്ടത്. ആകയാൽ, ക്രിസ്തുവിൽ നമ്മൾ എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നുവോ അത്രമാത്രം നന്നായി നമുക്ക് ഒരുമിച്ച് അവിടന്ന് നമ്മെ ഭരമേല്പിച്ചിരിക്കുന്ന പ്രേഷിത ദൗത്യം നിർവ്വഹിക്കാൻ ആകും.

## 2. പ്രേഷിത ദൗത്യത്തിൽ ഒന്നിച്ച് - ലോകം കർത്താവായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനായി

ശിഷ്യരുടെ ഐക്യം അതിൽത്തന്നെ ഒരു ലക്ഷ്യമല്ല; പ്രേഷിത ദൗത്യമാണ് അത് ലക്ഷ്യം വയ്ക്കുന്നത്. യേശു അത് വ്യക്തമായി പറയുന്നു: "അവിടുന്ന് എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നതിനു വേണ്ടിയാണത് " (യോഹ. 17, 21). അനുരഞ്ജനവും സാഹോദര്യവും ഐക്യവും പുലരുന്ന ഒരു സമൂഹത്തിന്റെ സാക്ഷ്യം വഴിയാണ് സുവിശേഷത്തിന്റെ പ്രഘോഷണം അതിന്റെ പൂർണമായ സംവേദനശക്തി പ്രാപിക്കുന്നത്.

ഈ കാഴ്ചപ്പാടിൽ വാഴ്ത്തപ്പെട്ട പൗളോ മന്നയുടെ ആപ്തവാക്യം സ്മരിക്കുന്നത് പ്രസക്തമാണ്: "ലോകം മുഴുവന്റെയും മാനസാന്തരത്തിനായി സഭ മുഴുവനും." 1916-ൽ "പൊന്തിഫിക്കൽ മിഷണറി യൂണിയൻ" സ്ഥാപിതമാകുന്നതിനു പ്രേരണയായി തീർന്ന ആദർശം സംക്ഷിപ്തമായി ഈ ആപ്തവാക്യം അവതരിപ്പിക്കുന്നു. അതിന്റെ 110-ാം വാർഷികത്തിൽ വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും ഇടയിൽ പ്രേഷിത ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും എല്ലാ സുവിശേഷവൽക്കരണ ഉദ്യമങ്ങളും ഒരുമിച്ചു കൊണ്ടുവരുന്നതിന് നടത്തിയ ശ്രമങ്ങളുടെയും പിന്നിലുള്ള പ്രതിജ്ഞാബദ്ധതയെ ഓർത്തുകൊണ്ട് ഞാൻ അവരുടെ അംഗങ്ങൾക്കു നന്ദി അർപ്പിക്കുകയും ആശീർവ്വാദം നൽകുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾക്കും പ്രേഷിതദൗത്യത്തിൽ നിന്ന് ഒഴിവാകാനോ അതിനോട് നിസ്സംഗത പുലർത്താനോ അവകാശമില്ല: ഓരോരുത്തരും അവരവരുടെ വിളിയും ജീവിത സാഹചര്യവും അനുസരിച്ച് ക്രിസ്തു തന്റെ സഭയെ ഭരമേൽപ്പിച്ച ഈ മഹത്തായ ദൗത്യത്തിൽ പങ്കുചേരുന്നു. ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് അനുസ്മരിപ്പിച്ചിരുന്നതുപോലെ സുവിശേഷപ്രഘോഷണം എപ്പോഴും സ്വരച്ചേർച്ചയുള്ളതും സാമൂഹിക മാനം ഉള്ളതും സിനഡാത്മകവുമായ പ്രവൃത്തിയാണ്.

ഇക്കാരണത്താൽ, പ്രേഷിതപ്രവർത്തനത്തിലുള്ള ഐക്യം എന്നു പറയുന്നത് കൂട്ടായ്മയുടെയും പ്രേഷിത സഹകരണത്തിന്റെയും ആധ്യാത്മികത സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ മനോഭാവം അനുദിനം വളർത്തുന്നതുവഴി നമ്മുടെ സഹോദരീ സഹോദരന്മാരെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണാൻ ദൈവിക കൃപാവരം സാവധാനം നമ്മെ പഠിപ്പിക്കുന്നു. ഓരോ വ്യക്തിയിലും ആത്മാവ് ഉണർത്തുന്ന നന്മ സന്തോഷപൂർവ്വം തിരിച്ചറിയാനും നാം

പഠിക്കുന്നു; അതായത്, വൈവിധ്യം ഒരു നിധിയായി കരുതാനും, പരസ്പരം ഭാരങ്ങൾ ചുമക്കാനും ഉന്നതത്തിൽ നിന്നുവരുന്ന ഐക്യം എപ്പോഴും അന്വേഷിക്കാനും സാധിക്കുന്നത്. യഥാർത്ഥത്തിൽ നാം എല്ലാവരും ഒരൊറ്റ പ്രേഷിത ദൗത്യത്തിലാണ് പങ്കുചേരുന്നത്; അതായത്, "ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു ജ്ഞാനസ്നാനം. സകലത്തിനുമുപരിയായവനും സകലത്തിലൂടെയും സകലത്തിലുമായവനും സകലരുടെയും പിതാവും ദൈവവുമായ ഒരുവൻ" (എഫേ. 4, 5-6) എന്നതിൽ. പ്രേഷിത ശിഷ്യത്വത്തിന്റെ ദൈനംദിനം ഉള്ള ആധ്യാത്മികതയാണ് ഇത് പ്രകാശിതമാക്കുന്നത്. സഭയുടെ സുവിശേഷവൽക്കരണ ദൗത്യത്തെ സംബന്ധിച്ച ഒരു സാർവ്വത്രിക കാഴ്ചപ്പാട് തിരിച്ചുപിടിക്കാനും സംഘാതമായ ശ്രമങ്ങളുടെ കുറവ് നികത്താനും ഇത് സഹായിക്കുന്നു; "ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോയുടേതാണ് " (1 കോറി. 1, 10-12 കാണുക) എന്ന തരത്തിൽ ഏക കർത്താവിനെ പിൻചൊല്ലുന്നവരുടെ ഇടയിൽ സൃഷ്ടിക്കപ്പെടുന്ന വിഭാഗീയതകളെ അതിജീവിക്കാനും ഇത് സഹായകമാകുന്നു.

പ്രേഷിത പ്രവർത്തനത്തിലെ ഐക്യം (Unity) എന്ന് പറയുന്നത് ഐകരൂപ്യം (Uniformity) ആയി മനസ്സിലാക്കപ്പെടരുത് എന്ന് പറയേണ്ടതില്ലല്ലോ; മറിച്ച്, അത് ഒരേ ഉദ്ദേശ്യത്തോടുകൂടിയ വ്യത്യസ്തങ്ങളായ സിദ്ധികളുടെ (Charisms) സംഗമമാണ്; അതായത്, ക്രിസ്തുവിന്റെ സ്നേഹം പ്രകടമാക്കുകയും അവിടത്തെ കണ്ടുമുട്ടാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്ന പ്രവൃത്തി. പ്രാദേശിക സമൂഹങ്ങൾ പരസ്പരം സഹകരിക്കുമ്പോൾ സുവിശേഷവൽക്കരണം സാധ്യമാകുന്നു; അതുപോലെതന്നെ ഒരേ വിശ്വാസത്തിൽ സാംസ്കാരികവും ആത്മീയവും ആരാധനക്രമപരവും ആയ വ്യത്യസ്തതകൾ പൂർണ്ണമായും പൊരുത്തപ്പെട്ട് പ്രകാശിക്കപ്പെടുമ്പോൾ. ആകയാൽ, സഭയിലെ എല്ലാ സ്ഥാപനങ്ങളിലും സഭാത്മക പ്രേഷിത കൂട്ടായ്മയുടെ ചൈതന്യം ശക്തിപ്പെടുത്താനും പ്രേഷിത ദൗത്യത്തിനുവേണ്ടിയും ദൗത്യത്തിൽ തന്നെയും പരസ്പരം സഹകരിക്കുന്നതിനുള്ള സർഗ്ഗാത്മകവും മൂർത്തവുമായ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇത് സംബന്ധിച്ച്, പ്രേഷിത സഹകരണത്തിനായി പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്തുവരുന്ന സേവനങ്ങൾക്ക് ഞാൻ അവർക്ക് നന്ദി പ്രകാശിപ്പിക്കുന്നു; ഞാൻ പെറുവിൽ ആയിരുന്ന കാലത്ത് അവരുടെ സേവനം അനുഭവിച്ചത് കൃതജ്ഞതപൂർവ്വം അനുസ്മരിക്കുന്നു.

പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്, ഹോളി ചൈൽഡ്ഹുഡ്, സെന്റ് പീറ്റർ ദ അപ്പോസ്റ്റൽ ആൻഡ് പൊന്തിഫിക്കൽ മിഷനറി യൂണിയൻ എന്നീ സൊസൈറ്റികൾ എല്ലാ പ്രായത്തിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രേഷിതബോധം ജനിപ്പിക്കാനും രൂപപ്പെടുത്താനും ലോകം മുഴുവനുമുള്ള സമൂഹങ്ങളെ പ്രാർത്ഥനയുടെയും ഉപവിയുടേയും ശൃംഖലവഴി ബന്ധിപ്പിക്കാനുള്ള ശ്രമവും തുടർന്നുകൊണ്ടേയിരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത് സൊസൈറ്റിയുടെ സ്ഥാപികയായ വാഴ്ത്തപ്പെട്ട പൗളിൻ മരീ ജാരിക്കോട്ട് 200 വർഷങ്ങൾക്കു മുമ്പ് "സജീവ ജപമാല" (Living Rosary) സ്ഥാപിച്ചു എന്നത് ഇവിടെ എടുത്തു പറയേണ്ടതാണ്. ലോകം മുഴുവനുമുള്ള ഒട്ടനവധി വിശ്വാസികളെ ഓരോരോ ആത്മീയവും പ്രേഷിതപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ഇന്നും അത് ഒരുമിച്ചു കൂട്ടുന്നു. വിശ്വാസപ്രചാരണ സംഘത്തിന്റെ (Society for the Propagation of the Faith) താത്പര്യപ്രകാരം പീയൂസ് പതിനൊന്നാമൻ പാപ്പാ 1926-ൽ "ആഗോള പ്രേഷിത ദിനം" (World Mission Day) സ്ഥാപിക്കുകയുണ്ടായി എന്നതും സ്മരണീയമാണ്. ഈ ദിനം സമാഹരിക്കുന്ന വാർഷിക സംഭാവനകൾ സഭയുടെ പ്രേഷിത ദൗത്യത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി പാപ്പായുടെ നാമത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ നാല് സൊസൈറ്റികളും ഒരുമിച്ച്, പൊതുവായും, ഓരോരുത്തരുടെയും പ്രത്യേക സവിശേഷത അനുസരിച്ചും, ഇന്നും സഭ മുഴുവനിലുമായി വിലപ്പെട്ട പ്രവൃത്തി നിർവ്വഹിക്കുന്നു. ഐക്യത്തിന്റെയും സഭാത്മക പ്രേഷിത കൂട്ടായ്മയുടെയും സജീവ അടയാളങ്ങളാണവ. കൃതജ്ഞതാചൈതന്യത്തോടെ അവരോടൊപ്പം പ്രവർത്തിക്കാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു.

**3. സ്നേഹിക്കാനുള്ള പ്രേഷിതദൗത്യം : ദൈവത്തിന്റെ വിശ്വസ്തസ്നേഹം പ്രഘോഷിക്കുക, ജീവിക്കുക, പങ്കുവയ്ക്കുക**

ഐക്യമാണ് പ്രേഷിതദൗത്യത്തിന്റെ വ്യവസ്ഥയെങ്കിൽ സ്നേഹമാണ് അതിന്റെ കാതൽ. ലോകത്തോടു പ്രഘോഷിക്കാനായി നമ്മെ അയച്ചിരിക്കുന്ന സദ്വാർത്ത രൂപഭാവം ഇല്ലാത്ത ഒരു ആദർശമല്ല; അത് ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തിന്റെ സുവിശേഷമാണ്; അത് യേശുക്രിസ്തുവിന്റെ മുഖത്തും ജീവിതത്തിലും മാംസം ധരിച്ചു.

ശിഷ്യരുടെയും സഭ മുഴുവന്റെയും പ്രേഷിതദൗത്യം പരിശുദ്ധാത്മാവിലുള്ള ക്രിസ്തുവിന്റെ ദൗത്യം തുടരുക എന്നതാണ്. ഈ ദൗത്യം സ്നേഹത്തിൽ ജനിക്കുന്നതും സ്നേഹത്തിൽ ജീവിക്കുന്നതും സ്നേഹത്തി

ലേക്ക് നയിക്കുന്നതുമാണ്. യഥാർത്ഥത്തിൽ കർത്താവ് തന്നെയും തന്റെ പീഡനുഭവത്തിന് മുമ്പുള്ള പിതാവിനോടു നടത്തിയ ശ്രേഷ്ഠ പ്രാർത്ഥന യിൽ, തന്റെ ശിഷ്യരുടെ ഇടയിൽ ഐക്യം ഉണ്ടാകണമെന്ന് ആഹ്വാനം ചെയ്തശേഷം, ഇപ്രകാരം ഉപസംഹരിച്ചു: "അങ്ങ് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ട തിനുമാണിത് " (യോഹ. 17,26). ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിത രായി (2 കോറി. 5, 14 കാണുക), ക്രിസ്തുവിന് വേണ്ടി സുവിശേഷം പ്രസംഗിക്കാൻ അപ്പോസ്തലന്മാർ ഇറങ്ങിത്തിരിച്ചു. ഇതേ രീതിയിൽ നൂറ്റാണ്ടുകളായി ക്രിസ്ത്യാനികളുടെ വലിയൊരു സംഘം ആളുകൾ - രക്തസാക്ഷികൾ, ആത്മീയാചാര്യർ, പ്രേഷിതർ - ഈ ദിവ്യസ്നേഹം ലോകത്തെ അറിയിക്കാനായി തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ സ്നേഹത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവിനാൽ നയിക്ക പ്പെട്ട് സഭയുടെ സുവിശേഷവൽക്കരണ ദൗത്യം സമയത്തിന്റെ അന്ത്യം വരെ തുടർന്നുകൊണ്ടിരിക്കും.

അതിനാൽ, ഇന്നത്തെ ജനതകളുടെ (ad gentes) ഇടയിൽ പ്രവർ ത്തിക്കുന്ന പ്രേഷിതരോടു നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലെ അവർ തങ്ങളുടെ സ്വദേശവും കുടുംബങ്ങളും എല്ലാത്തരം സുരക്ഷിതത്വവും ഉപേക്ഷിക്കുകയുണ്ടായി. അത് സുവിശേഷം പ്രഘോഷിക്കാനും പലപ്പോഴും വെല്ലുവിളി നേരിടുന്ന ഇടങ്ങളിലും ദരിദ്രരുടെ ഇടയിലും സംഘർഷഭരിതവും സാംസ്കാരിക മായി വ്യത്യസ്തമായതുമായ സാഹചര്യങ്ങളിലും ക്രിസ്തുവിനെയും അവിടുത്തെ സ്നേഹവും കൊണ്ടുവരാനും വേണ്ടിയാണ്. പ്രതികൂല സാഹചര്യങ്ങളും മാനുഷിക പരിമിതികളും ഉണ്ടെങ്കിൽപ്പോലും അവർ സ്വയം തങ്ങളെത്തന്നെ നൽകുന്നത് തുടരുന്നു; എന്തെന്നാൽ, ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും നൽകുക എന്ന താണ് അവർക്ക് നൽകാവുന്ന ഏറ്റവും വലിയ നിധി എന്ന് അവർ മനസ്സി ലാക്കുന്നു. അവരുടെ സ്ഥിരോൽസാഹംവഴി, ദൈവത്തിന്റെ സ്നേഹം എല്ലാ തടസ്സങ്ങളെയും അതിജീവിക്കുന്നുവെന്ന് അവർ സാക്ഷ്യപ്പെടു ത്തുന്നു. ക്രിസ്തുവിന്റെ ഈ ധീരരായ സാക്ഷികളെ ലോകത്തിന് ഇനിയും ആവശ്യമുണ്ട്; സഭാ സമൂഹങ്ങൾക്ക് ഇനിയും പുതിയ പ്രേഷിത ദൈവവിളികളും ആവശ്യമുണ്ട്. നമ്മൾ അവരെ നമ്മുടെ ഹൃദയത്തോടു ചേർത്തുവയ്ക്കുകയും നിരന്തരം അവർക്കുവേണ്ടി പിതാവിനോട് പ്രാർത്ഥിക്കുകയും വേണം. ക്രിസ്തുവിനെ അനുഗമിച്ച് എല്ലാം ഉപേക്ഷിച്ച്

സുവിശേഷവൽക്കരണത്തിന്റെ പാതയിൽ ഭൂമിയുടെ അതിർത്തികളോളം പോകാൻ തയ്യാറാകുന്ന യുവജനങ്ങളുടെയും മുതിർന്നവരുടെയും ദാനം അവിടന്ന് നമുക്ക് നൽകുമാറാകട്ടെ!

സ്ത്രീകളും പുരുഷന്മാരുമായ പ്രേഷിതരോടുള്ള വലിയ ആദര ത്തോടുകൂടെ, സുവിശേഷവൽക്കരണ ദൗത്യത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ ജീവിതസാക്ഷ്യം, പ്രാർത്ഥന, പ്രേഷിതപ്രവർത്തനത്തിനു വേണ്ടി യുള്ള സംഭാവനകൾ എന്നിവ വഴിയായി അവരോടു ചേരാൻ സഭ മുഴുവനോടും ഞാൻ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പറഞ്ഞതുപോലെ, "സ്നേഹം സ്നേഹിക്കപ്പെടു ന്നില്ല;" അദ്ദേഹത്തിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ 800-ാം ആണ്ട് ആചരി ക്കുന്ന ഈ വേളയിൽ നാം അദ്ദേഹത്തിലേക്കു പ്രത്യേകമായി നോക്കുന്നു. കർത്താവിനോടുള്ള സ്നേഹത്തിൽ ജീവിക്കാനും ആ സ്നേഹം സമീ പത്തും വിദൂരത്തും ഉള്ളവരിലേക്കു പകരാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം നമുക്ക് പ്രചോദനമാകട്ടെ. എന്തെന്നാൽ അദ്ദേഹം പറഞ്ഞു, "ഈ സ്നേഹം കൊണ്ട് ഇത്രയേറെ നമ്മെ സ്നേഹിച്ച അവിടത്തെ അത്രയേറെ നാം സ്നേഹിക്കണം!" (ബാഞ്ഞോറെജ്ജിയോയിലെ വിശുദ്ധ ബോണവെഞ്ചർ, വിശുദ്ധ ഫ്രാൻസിസിന്റെ ജീവചരിത്രം, അദ്ധ്യായം IX, 1; Fonti Francescane,1161). തന്റെ മരണശേഷവും തന്റെ പ്രേഷിത ദൗത്യം തുടരുമെന്ന് പ്രഖ്യാപിച്ച വിശുദ്ധ കൊച്ചുത്രേസ്യയിൽ നിന്നും നമുക്ക് പ്രചോദനം ഉൾക്കൊള്ളാം. "ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്നതുതന്നെ സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോഴും ചെയ്യാൻ ആഗ്രഹിക്കുന്നു: യേശുവിനെ സ്നേഹിക്കാനും, യേശു സ്നേഹിക്കപ്പെടാൻ പ്രവർത്തിക്കാനും" എന്ന് അവൾ പറഞ്ഞു (അബേ ബലിയേറിനുള്ള കത്ത് 220, ഫെബ്രുവരി 24, 1897). ഈ സാക്ഷികളാൽ പ്രചോദിതരായി, നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരി ക്കുന്ന ദൈവവിളിയും ദാനങ്ങളും അനുസരിച്ച്, സുവിശേഷവൽക്കരണ ത്തിന്റെ മഹാദൗത്യത്തിന് നമ്മുടെ സംഭാവന നൽകാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. നിങ്ങളുടെ പ്രാർത്ഥനയും പ്രായോഗിക പിന്തു ണയും, പ്രത്യേകിച്ച് ആഗോള പ്രേഷിതദിനത്തിൽ, ദൈവത്തിന്റെ സ്നേഹ ത്തിന്റെ സുവിശേഷം എല്ലാവരിലേക്കും, ഏറെ പ്രത്യേകിച്ച് ദരിദ്രരി ലേക്കും ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും, എത്തിക്കുന്നതിൽ വലിയ സഹായമായിരിക്കും. ഓരോ ദാനവും, അതെത്ര ചെറുതായാലും, പ്രേഷിത കൂട്ടായ്മയുടെ അർത്ഥവത്തായ പ്രവൃത്തി ആയിരിക്കും. "ലോകമെമ്പാടുമുള്ള പ്രേഷിതരെ ഞാൻ സഹായിക്കാനായി നിങ്ങളെന്നെ

സഹായിക്കുന്നതിന് ” (Video Message for World Mission Day 2025, 19 October 2025) ഞാൻ ഹൃദയപൂർവ്വം വീണ്ടും നന്ദിപറയുന്നു. ആത്മീയമായ ഐക്യം വളർത്തുന്നതിന് ഈ ചെറിയ പ്രാർഥനയോടെ ഞാൻ നിങ്ങൾക്ക് എന്റെ ആശീർവ്വാദം നൽകുന്നു:

പരിശുദ്ധനായ പിതാവേ, ക്രിസ്തുവിൽ ഞങ്ങളെ ഒന്നാക്കി തീർക്കണമേ. അവിടുത്തെ സ്നേഹമാണല്ലോ ഞങ്ങളെ ഐക്യത്തിൽ നിലനിർത്തുന്നതും നവീകരിക്കുന്നതും. പരിശുദ്ധാത്മാവിനോട് വിധേയപ്പെട്ടുകൊണ്ട്, സഭാംഗങ്ങൾ എല്ലാവരും പ്രേഷിത ദൗത്യത്തിൽ ഒന്നായിത്തീരട്ടെ. അങ്ങനെ അവർ ധൈര്യപൂർവ്വം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നവരും എല്ലാ സൃഷ്ടികളോടുമുള്ള അങ്ങയുടെ വിശ്വസ്ത സ്നേഹം പ്രഘോഷിക്കുന്നവരും ദൈനംദിനം അത് പ്രകാശിപ്പിക്കുന്നവരും ആയിത്തീരട്ടെ.

പ്രേഷിതരായ എല്ലാ സ്ത്രീ പുരുഷന്മാരെയും അനുഗ്രഹിക്കണമേ; അവരുടെ ഉദ്യമങ്ങളിൽ അവരെ പിന്തുണയ്ക്കണമേ; അവരെ പ്രത്യാശയിൽ കാത്തുസൂക്ഷിക്കണമേ.

പ്രേഷിത പ്രവർത്തനത്തിന്റെ രാജ്ഞിയായ മറിയമേ, ലോകത്തിന്റെ എല്ലാ കോണുകളിലുമായി ഞങ്ങൾ ചെയ്യുന്ന സുവിശേഷവൽക്കരണ പ്രവർത്തനത്തെ അനുഗമനം ചെയ്യേണമേ. ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങൾ ആക്കണമേ; അങ്ങനെ ലോകം മുഴുവൻ ക്രിസ്തുവിൽ രക്ഷയുടെ വെളിച്ചം തിരിച്ചറിയാൻ ഇടവരട്ടെ. ആമ്മേൻ.

2026 ജനുവരി 25-ാം തീയതി, ആണ്ടുവട്ടത്തിലെ മൂന്നാം ഞായറാഴ്ച, വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തര തിരുനാളിൽ, വത്തിക്കാനിൽനിന്നു നൽകപ്പെട്ടത്.

**✠ ലെയോ പതിനാലാമൻ പാപ്പാ**

വിവർത്തനം : റവ. ഡോ. ജേക്കബ് പ്രസാദ്
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

**മേജർ ആർച്ച് ബിഷപ്പിന്റെ**

# സർക്കുലർ

Prot. No. 0620/2026

## ഒക്ടോബർ മിഷൻ മാസാചരണം

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭയിൽ മിഷൻ ഞായർ ആചരിക്കുന്നതിന് തുടക്കം കുറിച്ചതു പതിനൊന്നാം പീയൂസ് മാർപാപ്പയാണ്. സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിൽ വളർത്തുകയും മിഷൻ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥനയും സാമ്പത്തിക സഹായവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1926-ൽ ഒക്ടോബറിലെ അവസാന ഞായറാഴ്ചയ്ക്ക് മുമ്പുള്ള ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കാൻ മാർപാപ്പ നിർദ്ദേശിച്ചു. 1926-ൽ പ്രസിദ്ധീകരിച്ച *Rerum Ecclesiae* എന്ന ചാക്രികലേഖനത്തിലൂടെ മിഷൻപ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും സഭയുടെ വ്യാപനത്തിനും അദ്ദേഹം പ്രത്യേക പ്രാധാന്യം നല്കി. അതുമുതൽ ആദ്യമായി ആചരിക്കപ്പെട്ട മിഷൻ ഞായർ, സഭയുടെ സാർവ്വ ലൗകിക പ്രേഷിത ദൗത്യത്തിൽ എല്ലാ വിശ്വാസികളും പങ്കാളികളാണെന്ന് ഓർമിപ്പിക്കുന്ന വാർഷികാചരണമായി വളർന്നു.

സാർവ്വത്രിക സഭയോടൊപ്പം ഒക്ടോബർ മാസത്തിൽ മിഷൻ ഞായർ ആചരിക്കുന്നതിന് പുറമേ, 2016 മുതൽ ജനുവരി മാസത്തിൽ ദനഹാത്തിരുനാൾ മുതൽ പന്ത്രണ്ടാം തീയതി വരെ മിഷൻ ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനുവേണ്ടി നമ്മുടെ സഭയിൽ മിഷൻവാരമായി ആചരിച്ചുവരികയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ ആചരണം ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാതിരുന്നതിനാൽ, 2024-ൽ പാലായിൽ നടന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം,

ജനുവരിയിലെ മിഷൻ വാരാചരണത്തിനു പകരം ഒക്ടോബർ മാസം മുഴുവനും മിഷൻ മാസമായി ആചരിക്കാൻ സീറോമലബാർ സഭയുടെ മെത്രാൻ സിനഡ് തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച്, 2026 മുതൽ ഒക്ടോബർ മിഷൻ മാസമായി സീറോമലബാർ സഭയിൽ ഇതിനാൽ സ്ഥാപിക്കുകയാണ്. മിഷൻ മാസാചരണവുമായി ബന്ധപ്പെട്ട എല്ലാ ക്കാര്യങ്ങളും ഏകോപിപ്പിക്കുന്നത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസായിരിക്കും.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷ പ്രഘോഷണം സഭയുടെ പ്രധാന ദൗത്യം മാത്രമല്ല, അവളുടെ സ്വത്വം തന്നെയാണ്; സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷവത്കരണത്തിന് വേണ്ടിയാണ് *(Evangelii Nuntiandi, 14, 16)*. അതിനാൽ, മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവരെയും അവരുടെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിലും കർത്താവായ ഈശോമിശിഹാ നമ്മെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ നാം കുറവുവരുത്തരുത്.

ആദ്യകാലങ്ങളിൽ മറ്റുസഭകളിൽ നിന്നുള്ള മിഷനറിമാർ നമ്മെ വിശ്വാസത്തിൽ വളർത്തുന്നതിനായി സഹായിച്ചത് നന്ദിയോടെ ഓർക്കുന്നു. സാവകാശം, നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ ഉണ്ടാവുകയും നമ്മുടെ വൈദികരും സമർപ്പിതരും ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സുവിശേഷ പ്രഘോഷണത്തിനും സാമൂഹ്യ സേവനങ്ങൾക്കുമായി മിഷൻ ചൈതന്യത്തോടെ പുറപ്പെടുകയും ചെയ്തു എന്നതു ദൈവത്തിനു നന്ദിപറയേണ്ട വസ്തുതയാണ്. അതുപോലെ, ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള മറ്റു സഭകളിലെ രൂപതകളിലും സമർപ്പിത സമൂഹങ്ങളിലും ചേർന്ന് കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്ന സീറോമലബാർ സഭയുടെ മക്കളായ മെത്രാന്മാരും വൈദികരും സമർപ്പിതരും നമ്മുടെ സഭയുടെ അഭിമാനമാണ്. അതുപോലെ, സുവിശേഷ പ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്ന അല്മായ പ്രസ്ഥാനങ്ങളിലും സീറോമലബാർ സഭാഗങ്ങൾ സജീവസാന്നിധ്യമാണ് എന്നതും എടുത്തു പറയേണ്ടതാണ്. ഈ മിഷൻ പ്രവർത്തനം നമ്മുടെ കടമയാണ്, ഔദാര്യമല്ല എന്നത് അനുസ്മരിക്കാം.

നമ്മൾ ആരംഭിക്കുന്ന മിഷൻ മാസാചരണം സുവിശേഷ പ്രഘോഷണത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയും വിവിധതലങ്ങളെ അറിയുന്നതിനും മനസ്സിലാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും രൂപതകളെയും ഇടവകകളെയും കുടുംബങ്ങളെയും വ്യക്തികളെയും പ്രചോദിപ്പിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസത്തിലെ നാല് ആഴ്ചകളിൽ നാല് തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നു.

ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ചയിൽ ആഗോള മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അവയെ പരിചയപ്പെടുത്തുന്നതിനും പരിശ്രമിക്കുമ്പോൾ രണ്ടാമത്തെ ആഴ്ചയിൽ സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പഠിക്കുന്നതിനും അവയിൽ പങ്കാളികളാകാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പ്രാധാന്യം നല്കണം. മൂന്നാമത്തെ ആഴ്ചയിൽ അതാത് രൂപതകൾ ഏറ്റെടുത്തിരിക്കുന്ന മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുകയും അവയിൽ സഹകരിക്കുകയും വേണം. നാലാമത്തെ ആഴ്ചയിൽ ഓരോ ഇടവകയുടെയും വിശ്വാസിയുടെയും പ്രേഷിതദൗത്യം തിരിച്ചറിയുന്നതിനും വിവിധ മിഷൻ പ്രവർത്തനങ്ങളെ ഇടവകാതലത്തിൽ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

അതോടൊപ്പം, മിഷൻ മാസം മുഴുവനും ഇടവകകളിലും കുടുംബ യൂണിറ്റുകളിലും കുടുംബങ്ങളിലും മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. ജപമാലയിലും വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകളിലും ലോകമെങ്ങും സേവനം ചെയ്യുന്ന മിഷണറിമാരെയും വിശ്വാസത്തെപ്രതി പീഡനവും മരണവും ഏറ്റുവാങ്ങുന്നവരെയും പ്രത്യേകം അനുസ്മരിക്കണം. ഞായറാഴ്ചകളിലെ വചനപ്രഘോഷണം, വിശ്വാസപരിശീലന ക്ലാസുകൾ, മിഷൻ അനുഭവങ്ങളുടെ പങ്കുവയ്ക്കൽ, 'മിഷൻ ക്വസ്റ്റ് ' ക്വിസ് മത്സരം, മിഷൻ സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ കുട്ടികളിലും യുവജനങ്ങളിലും മുതിർന്നവരിലും മിഷൻചൈതന്യം വളർത്താൻ ഉതകുന്ന രീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചു നവസുവിശേഷവത്കരണ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അല്മായരെ രൂപതാതലത്തിൽ കണ്ടെത്തി ഏകോപിപ്പിക്കുകയും മിഷൻപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയുംചെയ്യുന്നത് വളരെ മാതൃകാപരമാണ്.

നമ്മുടെ സഭയിൽ 'ജീവൻ ജ്യോതി' എന്ന പേരിൽ ഒരു ഔദ്യോഗിക അല്മായപ്രേഷിത മുന്നേറ്റം ആരംഭിച്ചകാര്യം നേരത്തെ എഴുതിയിരുന്നല്ലോ. ജീവൻ ജ്യോതിയെ നമ്മുടെ എല്ലാ രൂപതകളിലും സാഹചര്യമനുസരിച്ച് ഇടവകകളിലും പ്രവർത്തനക്ഷമമാക്കണം. മിഷൻ മാസത്തിൽ സുവിശേഷപ്രഘോഷണരംഗത്തു പ്രവർത്തിക്കുന്ന അല്മായപ്രേഷിതരെ

ഒരുമിച്ചുകൂട്ടി ജീവൻ ജ്യോതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത് ഉചിതമായിരിക്കും. ജീവൻ ജ്യോതി ശക്തിപ്പെടുത്തുന്നതുവഴി സഭയിൽ പുതിയൊരു മിഷനറി ദിശാബോധം വളരാനും വളത്താനും ഇടയാക്കുമെന്നു പ്രത്യാശിക്കുന്നു.

മിഷൻ മാസാചരണത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽനിന്ന് ഈ മാസാചരണത്തെക്കുറിച്ചുള്ള കൂടുതൽ പ്രായോഗിക കർമ്മപദ്ധതികളും നിർദ്ദേശങ്ങളും ലഭിക്കുന്നതായിരിക്കും. അവയനുസരിച്ച് നമ്മുടെ മിഷൻ മാസാചരണം എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ഊർജ്ജസ്വലവും ഫലപ്രദവുമാക്കിത്തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രിയ മക്കളേ, സഭയുടെ ആത്മാവാണ് സുവിശേഷപ്രഘോഷണവും പ്രേഷിതപ്രവർത്തനങ്ങളും. ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം എത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ഇടവകകളും രൂപതകളും സെമിനാരികളും സമർപ്പിത സമൂഹങ്ങളും മാത്രമല്ല, മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും തങ്ങളുടെ മിഷനറി സ്വഭാവം തിരിച്ചറിയണം. ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും നമ്മുടെ സഭ നിർവ്വഹിക്കുന്ന മിഷൻപ്രവർത്തനങ്ങളെ കൂടുതൽ അറിയാനും അവയ്ക്കുവേണ്ടി പ്രാർത്ഥിക്കാനും അവയിൽ പങ്കുചേരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ സമയവും കഴിവുകളും സമ്പത്തും ഉദാരമായി പങ്കുവയ്ക്കുമ്പോൾ സഭയുടെ സുവിശേഷ ദൗത്യം കൂടുതൽ ശക്തവും സജീവവുമാകും. അങ്ങനെ ഈശോമിശിഹായിൽ നിന്ന് നമുക്ക് ലഭിച്ച സ്നേഹവും അനുഗ്രഹങ്ങളും മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായി മാറുകയും ചെയ്യും. കർത്താവിന്റെ രക്ഷാകര സംഭവത്തിന്റെ 2033-ലെ മഹാജൂബിലിക്കായി ഒരുങ്ങുന്ന നമ്മുടെ സഭയിൽ മിഷൻ മാസാചരണം പുതിയൊരു പ്രേഷിത ഉണർവ്വിന് വഴിതെളിക്കട്ടെ!

ആദ്യ മിഷണറിയായ പരിശുദ്ധ അമ്മയും രക്തസാക്ഷികളും മിഷനറിമാരുമായ അപ്പസ്തോലന്മാരും സകല വിശുദ്ധരും ഈ മിഷനറിയാത്രയിൽ നമുക്കു മാർഗ്ഗദീപമകട്ടെ! പ്രാർത്ഥനയോടെ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് സെപ്റ്റംബർ മാസം 10-ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**കെ.സി.ബി.സി.**
# സർക്കുലർ

No.4325/K-5/KCBC/OL/DS 22.09.2026

## ആഗോളസഭയിൽ ആചരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഫ്രാൻസിസ്കൻ വർഷത്തിന്റെ പ്രാധാന്യവും പ്രസക്തിയും

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന വന്ദ്യവൈദികരെ, സമർപ്പിതരെ, പ്രിയ സഹോദരീ സഹോദരന്മാരെ, പ്രിയ കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ കൃപയും കാരുണ്യവും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

ആഗോള സഭ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ വളരെ ഭക്തിപൂർവ്വം ആചരിക്കുന്ന ഈ പുണ്യദിനത്തിൽ, നിങ്ങളേവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. റോമിലെ പരിശുദ്ധ പിതാവ് ലിയോ പതിനാലാമന്റെ ആഹ്വാന പ്രകാരം നാം ആചരിച്ചുവരുന്ന 'ഫ്രാൻസിസ്കൻ വർഷം' നമ്മുടെ ആത്മീയ ജീവിതത്തെ നവീകരിക്കാനുള്ള അപൂർവ്വമായ ഒരവസരമാണ്. വിശുദ്ധ ഫ്രാൻസിസ് ഇഹലോകവാസം വെടിഞ്ഞ് സ്വർഗ്ഗീയ ഭവനത്തിലേക്ക് പ്രവേശിച്ചതിന്റെ എട്ടാം ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ, അദ്ദേഹത്തിന്റെ ജീവിതവും സന്ദേശങ്ങളും ഇന്നത്തെ സമൂഹത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് ധ്യാനിക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

ഇന്ന് നാം ജീവിക്കുന്ന ലോകം വലിയ സാങ്കേതിക മുന്നേറ്റങ്ങൾക്കും ഭൗതിക വളർച്ചയ്ക്കും സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും, മനുഷ്യഹൃദയങ്ങളിൽ സമാധാനവും സന്തോഷവും കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. സ്വാർത്ഥതയും, ഉപഭോഗസംസ്കാരവും, അക്രമങ്ങളും, പ്രകൃതിക്ക് മേലുള്ള ചൂഷണങ്ങളും ജീവിതത്തിന്റെ ഭാഗമായി മാറിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കൃത്യമായി പറഞ്ഞാൽ, എണ്ണൂറ് വർഷങ്ങൾക്ക് മുൻപ് വിശുദ്ധ ഫ്രാൻസിസ് ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ, അദ്ദേഹത്തിന്റെ ഇടപെടലുകളുണ്ടായ അക്കാലത്തെ ധാർമ്മിക അപചയങ്ങൾക്കും അസ്വസ്ഥതകൾക്കും

ഏറെക്കുറെ സമാനമായ ഒരവസ്ഥയിലൂടെയാണ് ഇന്നത്തെ ലോകവും കടന്നുപോകുന്നത്.

ഇത്തരം അന്ധകാരമയമായ സാഹചര്യങ്ങളിലാണ് ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം നമുക്ക് വഴികാട്ടിയാകുന്നത്. സമ്പന്നനായ ഒരു വ്യാപാരിയുടെ മകനായി ജനിച്ച ഫ്രാൻസിസ്, ലോകത്തിന്റെ സുഖഭോഗ ങ്ങളെയും പദവികളെയും അതിന്റെ സാധ്യതകളെയും പൂർണ്ണമായി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ ദാരിദ്ര്യവും ലാളിത്യവും സ്വന്തമാക്കാൻ തയ്യാറായി. തനിക്ക് ലഭിക്കുമായിരുന്ന സകല ഐഹിക നേട്ടങ്ങളെക്കാളും വലിയ നിധിയായി അവൻ സുവിശേഷ മൂല്യങ്ങളെ കണ്ടു. ക്രിസ്തുവിന്റെ യഥാർത്ഥ മാതൃക ഭൂമിയിൽ ജീവിച്ചുകാണിച്ചതിലൂടെ രണ്ടാം ക്രിസ്തു എന്ന് വിശേഷിപ്പിക്കപ്പെട്ട ആ വിശുദ്ധൻ, ഇന്നത്തെ ഉപഭോഗ സംസ്കാര ത്തിന് വലിയൊരു തിരുത്തലിനുള്ള മാതൃകകൂടിയാണ് നമുക്ക് നൽകു ന്നത്.

പ്രിയമുള്ളവരേ, വിശുദ്ധ ഫ്രാൻസിസ് നമ്മെ പഠിപ്പിച്ച ഏറ്റവും വലിയ പാഠങ്ങളിലൊന്ന് 'ലാളിത്യമാർന്ന ജീവിതമാണ് '. ആവശ്യത്തിൽ കൂടുതൽ നേടിയെടുക്കാനും അത് പ്രദർശിപ്പിക്കാനും മത്സരിക്കുന്ന ഇന്നത്തെ ലോകത്തിൽ, 'കുറഞ്ഞത് കൊണ്ട് സംതൃപ്തനാവുക' എന്നതായിരുന്നു ഫ്രാൻസിസിന്റെ ജീവിതശൈലി. നമ്മുടെ വീടുകളിലും കുടുംബങ്ങളിലും അനാവശ്യമായ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. ലാളിത്യമുള്ള ഒരു ജീവിതത്തിന് മാത്രമേ ദൈവത്തോടും സഹജീവികളോടും കൂടുതൽ അടുത്തബന്ധം പുലർത്താൻ സാധിക്കൂ എന്ന് നാം തിരിച്ചറിയണം.

വിശുദ്ധ ഫ്രാൻസിസിന്റെ കാരുണ്യപൂർണ്ണമായ ഹൃദയം ക്രിസ്തു വിന്റെ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു. കുഷ്ഠരോഗികളെ കെട്ടി പ്പുണരാനും, തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവരെ ചേർത്തുപിടിക്കാനും അദ്ദേഹം മടിച്ചില്ല. ഇന്ന് നമ്മുടെ ഇടവകകളിലും സമൂഹത്തിലും പാർശ്വ വത്കരിക്കപ്പെട്ടവരും ഏകാന്തത അനുഭവിക്കുന്നവരും രോഗികളും പാവ പ്പെട്ടവരുമായ ഒട്ടേറെപ്പേരുണ്ട്. അവരിൽ ക്രിസ്തുവിന്റെ മുഖം ദർശി ക്കാനും, നമ്മുടെ കൈവശമുള്ളതിൽ നിന്ന് ഒരു പങ്ക് അവർക്കായി മാറ്റി വയ്ക്കാനും നമുക്ക് സാധിക്കണം. ജീവിക്കുന്ന ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ അടയാളം.

സഹജീവികളോടുള്ള സ്നേഹത്തിനൊപ്പം തന്നെ പ്രകൃതിയോടുള്ള ആഴമായ ബന്ധവും വിശുദ്ധന്റെ ജീവിതത്തിന്റെ പ്രത്യേകതയായിരുന്നു. സൂര്യനെയും ചന്ദ്രനെയും കാറ്റിനെയും നക്ഷത്രങ്ങളെയും 'സഹോദരൻ' എന്നും 'സഹോദരി' എന്നും വിളിച്ച വിശുദ്ധ ഫ്രാൻസിസ്, ദൈവത്തിന്റെ മുഴുവൻ സൃഷ്ടികളെയും ഒരുപോലെ സ്നേഹിച്ചു. 'സൃഷ്ടികളുടെ സങ്കീർത്തനം' (Canticle of the Creatures) വഴി അദ്ദേഹം പ്രകൃതിയുടെ സൗന്ദര്യത്തെയും അതുവഴി ദൈവമഹത്വത്തെയും വാഴ്ത്തിപ്പാടി.

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് പ്രകൃതിയുടെ നാശവും കാലാവസ്ഥാ വ്യതിയാനവുമാണ്. ഭൂമിയെന്ന നമ്മുടെ പൊതുഭവനത്തെ നാം ക്രൂരമായി ചൂഷണം ചെയ്യുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ 'പരിസ്ഥിതി സ്നേഹം' വലിയൊരു ആഹ്വാനമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. പ്രകൃതി ദൈവത്തിന്റെ ദാനമാണ്. അതിനെ സംരക്ഷിക്കാനും, വരുംതലമുറയ്ക്കായി നിലനിർത്താനും നാം ഓരോരുത്തർക്കും കടമയുണ്ട്. മരങ്ങൾ നട്ടുപിടിപ്പിച്ചും, പ്ലാസ്റ്റിക് മലിനീകരണം ലഘൂകരിച്ചും, പ്രകൃതിവിഭവങ്ങൾ വിവേകത്തോടെ ഉപയോഗിച്ചും ഫ്രാൻസിസ്കൻ ചൈതന്യം നമുക്ക് ജീവിതത്തിൽ പ്രാവർത്തികമാക്കാം. ഇക്കാര്യത്തിൽ, പുണ്യചരിതനായ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനങ്ങളെയും നമുക്ക് ഹൃദയത്തോട് ചേർക്കാം.

കുടുംബ ബന്ധങ്ങളിലും സമൂഹത്തിലും വിള്ളലുകൾ വീഴുകയും, സമാധാനം നഷ്ടപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വി. ഫ്രാൻസിസിന്റെ പ്രസിദ്ധമായ സമാധാന പ്രാർത്ഥന നാം ഓർക്കേണ്ടതുണ്ട്: 'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ'. വെറുപ്പുള്ളിടത്ത് സ്നേഹവും, വിദ്വേഷമുള്ളിടത്ത് ക്ഷമയും, സംശയമുള്ളിടത്ത് വിശ്വാസവും വിതയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നിസ്സാര കാര്യങ്ങൾക്ക് വഴക്കിടുകയും, മാപ്പ് നൽകാൻ മടിക്കുകയും ചെയ്യുന്ന സംസ്കാരം മാറി, പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനുമുള്ള തുറവിയുള്ള ഹൃദയങ്ങൾ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും വളർന്നുവരട്ടെ.

വിശുദ്ധ ഫ്രാൻസിസിനുണ്ടായ ദൈവിക ദർശനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പതിമൂന്നാം നൂറ്റാണ്ടിൽ ആരംഭിക്കപ്പെട്ട 'പോർസ്യുങ്കുള ദണ്ഡവിമോചനം' (Portiuncula Indulgence, Pardon of Assisi) അദ്ദേഹത്തിലൂടെ ചൊരിയപ്പെട്ട ദൈവകരുണയുടെ ഉദാഹരണമാണ്.

എത്ര വലിയ പാപിയാണെങ്കിലും ദൈവത്തിന്റെ അനന്തമായ കരുണയിൽ ആശ്രയിച്ചാൽ മാപ്പ് ലഭിക്കുമെന്ന പ്രത്യാശ വി. ഫ്രാൻസിസ് അസീസി യിലൂടെ സ്വർഗ്ഗം ലോകത്തിന് നൽകി. ഫ്രാൻസിസ്കൻ വർഷം അവസാന പാദത്തിലേയ്ക്ക് എത്തിയിരിക്കുന്ന വേളയിൽ, ജീവിത നവീകരണത്തിലൂടെയും ഫ്രാൻസിസ്കൻ ദൈവാലയങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളിലൂടെയും പാപമോചനവും കൃപാവരങ്ങളും സ്വീകരി ക്കാൻ ഏവരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. വരും നാളുകളിൽ നമ്മുടെ ഇടവകകളിൽ നടക്കുന്ന തീർത്ഥാടനങ്ങളിലും, ഫ്രാൻസിസ്കൻ വർഷാചരണ പരിപാടികളിലും വിശുദ്ധ ഫ്രാൻസിസിന്റെ മാതൃക പിന്തുടർന്നുള്ള ജീവകാരുണ്യ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്യുകയും എല്ലാവരും പങ്കാളികളാകുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിശുദ്ധ വർഷത്തിൽ സഭ വാഗ്ദാനം ചെയ്യുന്ന പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാൻ തക്കവിധം അനുതാപമുള്ള ഹൃദയത്തോടെ നമ്മെത്തന്നെ ഒരുക്കാം.

സ്നേഹമുള്ള മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ ഭൗതികമായ നേട്ടങ്ങൾക്ക് മാത്രം പിന്നാലെ പരക്കം പായുന്നവരായി വളർത്തരുത്. വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദൈവഭയമുള്ളവരും എളിമയും ദയയും ഉള്ളവരുമായി അവരെ വളർത്തുക. കഷ്ടപ്പെടുന്നവരെ കാണുമ്പോൾ മടി കൂടാതെ സഹായിക്കാൻ അവരെ പഠിപ്പിക്കുക. പ്രകൃതിയെ സ്നേഹി ക്കാനും സൂക്ഷിക്കാനുമുള്ള മനോഭാവം ചെറുപ്പത്തിലേ കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

പ്രിയപ്പെട്ട യുവാക്കളേ, ലോകത്തിന്റെ താൽക്കാലികമായ ആഡംബരങ്ങൾക്കും നൈമിഷികമായ സുഖസന്തോഷങ്ങൾക്കും പിന്നാലെ പോകാതെ, അർത്ഥവത്തായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം നിങ്ങൾക്ക് പ്രചോദനമേകട്ടെ. ക്രിസ്തു വിനായി ജീവിതം മാറ്റിവയ്ക്കാൻ ഭയം കൂടാതെ മുന്നോട്ട് വരിക. നിങ്ങളുടെ സർഗ്ഗവാസനകളും ഊർജ്ജവും പാവപ്പെട്ടവരുടെ സേവനത്തിനായും, സമൂഹത്തിൽ നന്മയും സമാധാനവും വിതയ്ക്കുന്നതിനായും വിനിയോഗിക്കുക.

ഈ ഫ്രാൻസിസ്കൻ വർഷാചരണം വെറുമൊരു ചടങ്ങായി അവ സാനിക്കരുത്. നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും മാറ്റത്തിന്റെ ഒരു പുതിയ തരംഗം ഇതിലൂടെ ആരംഭിക്കണം. ഓരോ കുടുംബവും ലാളി ത്യത്തിന്റെ മാതൃകയാകട്ടെ. നമ്മുടെ ഇടവക തിരുനാൾ ആഘോഷങ്ങൾ,

കുടുംബപരമായ ചടങ്ങുകൾ തുടങ്ങിയവയിൽ ആഡംബരങ്ങൾ ഒഴിവാക്കി, ആ തുക നിർദ്ധനരെ സഹായിക്കാൻ മാറ്റിവയ്ക്കാൻ സാധിച്ചാൽ, അതാണ് വിശുദ്ധ ഫ്രാൻസിസിന് നാം നൽകുന്ന ഏറ്റവും വലിയ ആദരം.

പരിശുദ്ധ അമ്മയുടെയും, അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെയും, സകല വിശുദ്ധരുടെയും മാധ്യസ്ഥം എല്ലായ്പ്പോഴും നമുക്ക് തുണയായിരിക്കട്ടെ. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ക്രിസ്തുവിന്റെ സമാധാനവും സന്തോഷവും സദാ വസിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ**
പ്രസിഡന്റ്, കെ.സി.ബി.സി.

✠ **ബിഷപ് സാമുവേൽ മാർ ഐറേനിയോസ്**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

✠ **ആർച്ചുബിഷപ് തോമസ് തറയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

---

2026 ഒക്ടോബർ 4, ഞായറാഴ്ച അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ദിനത്തിൽ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

# സർക്കുലർ

CL.09/2026

# വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജൂബിലി വർഷം

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പാ പ്രഖ്യാപിച്ച ജൂബിലി വർഷത്തിലൂടെ നാം കടന്നുപോവുകയാണല്ലോ. ദാരിദ്ര്യത്തിൽ ക്രിസ്തുവിനെ കണ്ടെത്തുകയും, എളിമയിൽ അവിടുത്തെ അനുഗമിക്കുകയും, സൃഷ്ടിയിലെ ഓരോ ജീവജാലങ്ങളെയും സഹോദരങ്ങളായി കാണുകയും, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഉപകരണമായി മാറുകയും ചെയ്ത വിശുദ്ധ ഫ്രാൻസിസ് ഇന്നും ലോകത്തിന് പ്രചോദനമാണ്. സഭയുടെ ചരിത്രത്തിൽ സുവിശേഷത്തെ ജീവിതംകൊണ്ട് പ്രസംഗിച്ച സമർപ്പിത ജീവിതത്തിന്റെ ഉജ്ജ്വല സാക്ഷ്യമാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. 'ക്രിസ്തുവിനോടുകൂടെ ഞാൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്." (ഗലാ. 2, 20) എന്ന വചനത്തിന്റെ നേർസാക്ഷ്യമാണ് വിശുദ്ധന്റെ ജീവിതം.

വിശുദ്ധ ഫ്രാൻസിസ് അസ്സീസി ജീവിച്ച പതിമൂന്നാം നൂറ്റാണ്ടും നാം ജീവിക്കുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടും തമ്മിൽ ജീവിതരീതിയിലും സാമൂഹിക ഘടനയിലും വലിയ വ്യത്യാസങ്ങളുണ്ട്. എന്നാൽ കാലം മാറിയാലും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അർത്ഥവത്തായ ജീവിതത്തിന്റെയും ദാഹം മനുഷ്യന്റെ ഉള്ളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഉപഭോഗസംസ്കാരം, വ്യക്തികേന്ദ്രീകൃത ജീവിതം,

പ്രകൃതിനശീകരണം, സാമൂഹിക അസമത്വം, കുടുംബബന്ധങ്ങളിലെ അകലം, ഏകാന്തത എന്നിവ ഈ കാലഘട്ടത്തിന്റെ വലിയ വെല്ലുവിളിക ളായി തുടരുകയാണ്. ഈ സാഹചര്യത്തിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ആത്മീയജീവിതം ഇന്നത്തെ മനുഷ്യന് വഴികാട്ടുന്നത് സുവിശേഷാത്മക ജീവിതദർശനമാണ്. അദ്ദേഹം സുവിശേഷത്തിന്റെ കണ്ണുകളിലൂടെ ലോകത്തെ പുതുതായി കാണാൻ പഠിച്ച വിശുദ്ധനാണ്. 'വിശുദ്ധ ഫ്രാൻസിസിന്റെ ജീവിത മാതൃക, ലോകത്തിൽ ദൈവരാജ്യ ത്തിന്റെ അടയാളവും സാക്ഷ്യവുമായിത്തീരാൻ സഹായിക്കുന്നു' എന്ന് ജൂബിലി പ്രഖ്യാപിച്ചുകൊണ്ട് ലെയോ പതിനാലാമൻ മാർപാപ്പ പറഞ്ഞ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കുന്നതാണ്. വിശുദ്ധ ഫ്രാൻസിസിന്റെ ആത്മീയ ജീവിതം കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനും നമ്മുടെ ജീവി തത്തിൽ പ്രാവർത്തികമാക്കാനും അവസരമൊരുക്കുന്ന ഈ ഫ്രാൻസി സ്കൻ ജൂബിലി വർഷാചരണം ഏറ്റവും സമുചിതമായി നമുക്ക് ആച രിക്കാം.

ഫ്രാൻസിസ്കൻ ജൂബിലി വർഷത്തിന്റെ ആഘോഷമായ രൂപതാ തല ആചരണം വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയ ത്തിൽ വച്ച് 2026 ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്ന താണ്. വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ, മച്ചിപ്ലാവ് സെന്റ് ഫ്രാൻ സിസ് അസ്സീസി ദൈവാലയം, രാജാക്കാട് ക്രിസ്തുരാജ് ഫൊറോന ദൈവാലയം എന്നിവ ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണത്തിന്റെ തീർത്ഥാടന ദൈവാലയങ്ങളായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ജൂബിലി കാലഘട്ടത്തിൽ പ്രസ്തുത ദൈവാലയങ്ങൾ സന്ദർശിച്ച് തിരുസ്സഭ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്ന വിശ്വാസികൾ ക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതായിരിക്കും.

ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അധിഷ്ഠിത മായ ജീവിതശൈലി രൂപപ്പെടുത്തുക, പ്രകൃതിയെയും ദൈവത്തിന്റെ സകല സൃഷ്ടികളെയും സംരക്ഷിക്കുകയും കരുതലോടെ വീക്ഷിക്കു കയും ചെയ്യുക, വിദ്വേഷവും അകൽച്ചയും മാറ്റി, സമൂഹത്തിൽ സമാധാ നവും സാഹോദര്യവും പുനഃസ്ഥാപിക്കാൻ പരിശ്രമിക്കുക എന്നിവയാണ് ഈ അസാധാരണ ജൂബിലി വർഷത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇവയെ അടിസ്ഥാനമാക്കി ഫ്രാൻസിസ്കൻ ജൂബിലി ഫലപ്രദമായി നമ്മുടെ രൂപത യിൽ നടത്താനുള്ള ഏതാനും ചില പ്രായോഗിക നിർദ്ദേശങ്ങൾ നല്കട്ടെ.

- വി. ഫ്രാൻസിസ് അസ്സീസിയുടെ രൂപമോ ചിത്രമോ ഒക്ടോബർ മാസത്തിൽ എല്ലാ ദൈവാലയങ്ങളിലും സ്ഥാപിക്കുകയും അലങ്കരിക്കുകയും ചെയ്യുക.
- 4-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും ഫ്രാൻസിസ് അസ്സീസിയുടെ അനുസ്മരണം ആഘോഷപൂർവ്വകമായ ദിവ്യബലിയോടുകൂടി നടത്തുക.
- ലോകസമാധാനം എന്ന നിയോഗത്തിനുവേണ്ടി എല്ലാ ഇടവകകളിലും ജൂബിലി സമാപനത്തിന് മുമ്പായി ഒരു ദിവസം 13 മണിക്കൂർ ആരാധന നടത്തുക.
- എല്ലാ കുടുംബങ്ങളിലും ഒക്ടോബർ മാസം മുതൽ ഫ്രാൻസിസ്കൻ ജൂബിലി അവസാനിക്കുന്ന 2027 ജനുവരി 10 വരെ കുടുംബ പ്രാർത്ഥനയ്ക്കുശേഷം ഫ്രാൻസിസ് അസ്സീസിയുടെ സമാധാന പ്രാർത്ഥന ചൊല്ലുക.
- പ്രകൃതി സംരക്ഷണത്തിന്റെ വക്താവായ ഫ്രാൻസിസ് അസ്സീസിയുടെ സന്ദേശം ഉൾക്കൊണ്ട് ദൈവാലയും പരിസരവും വൃത്തിയാക്കുകയും ഇടവകകളുടെ ആഘോഷങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുകയും ചെയ്യുക.
- കുട്ടികളുടെയും മതാദ്ധ്യാപകരുടേയും നേതൃത്വത്തിൽ ഇടവകകളിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ച് സ്നേഹത്തിന്റെയും കരുതലിന്റെയും മാതൃക വളർത്തുക.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഇടവകകളിൽ സജീവമാക്കുക.
- കുടുംബക്കൂട്ടായ്മകളിൽ വി. ഫ്രാൻസിസിന്റെ ജീവിതവും സന്ദേശവും പരിചയപ്പെടുത്തുന്ന ക്ലാസ്സും ചർച്ചാവേദിയും ഒരുക്കുക.
- സൺഡേ സ്കൂളിലെ കുട്ടികൾക്ക് ഫ്രാൻസിസ് അസ്സീസിയെ പരിചപ്പെടുത്തുന്ന പ്രത്യേക പരിപാടികൾ (ഫ്രാൻസിസ് വേഷ മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം) സൗകര്യപ്രദമായ ഒരു ദിവസം ക്രമീകരിക്കുക.
- മാതൃവേദിയുടേയും പിതൃവേദിയുടേയും ഒക്ടോബർ മാസത്തിലെ സമ്മേളനങ്ങളിൽ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതവും ആത്മീയതയും പഠനവിഷയമാക്കുക.

- ഇടവകയിലുള്ള ഫ്രാൻസിസ് നാമധാരികളുടേയും ഇടവകാതിർത്തിയിലുള്ള ഫ്രാൻസിസ്കൻ സന്ന്യാസിനി/ സന്ന്യാസികളുടേയും സംഗമം ക്രമീകരിക്കുക.

വിശുദ്ധ ഫ്രാൻസിസിന്റെ ഈ ജൂബിലി, നമ്മുടെ ജീവിതത്തിന്റെ നവീകരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും ഇടവകകളുടെ ആത്മീയ ഉണർവ്വിനും സമൂഹത്തിൽ സമാധാനത്തിന്റെയും സഹോദര്യത്തിന്റെയും വളർച്ചയ്ക്കും കാരണമാകട്ടെ. വിശുദ്ധ ഫ്രാൻസിസിന്റെ മാധ്യസ്ഥത്തിലൂടെ ദൈവത്തിന്റെ സമാധാനവും അനുഗ്രഹവും നമ്മുടെ കുടുംബങ്ങൾക്കും ഇടവകയ്ക്കും രൂപതയ്ക്കും ലഭിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

✠ **ജോൺ നെല്ലിക്കുന്നേൽ**

ഇടുക്കി രൂപതാ മെത്രാൻ

# സർക്കുലർ
CL.10/2026

# ജപമാല മാസാചരണം

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രത്യേക ഭക്തിയിലും പ്രാർത്ഥനയിലും വളരുവാനും, ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകരമായ രഹസ്യങ്ങളെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുവാനും തിരുസഭ ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുകയാണ്. കുടുംബങ്ങളിലും ഇടവക സമൂഹങ്ങളിലും ജപമാല പ്രാർത്ഥനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുവാനും, വ്യക്തിപരമായും കുടുംബപരമായും ജപമാല ചൊല്ലുവാനും ഈ ആചരണം നമ്മെ ക്ഷണിക്കുന്നു.

'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു' (ലൂക്കാ 1, 46-47) എന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ വാക്കുകൾ ജപമാലയുടെ ആത്മീയതയെ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. ജപമാലയിലൂടെ മറിയത്തോടൊപ്പം ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകരമായ രഹസ്യങ്ങൾ ധ്യാനിക്കുകയും അവിടുത്തെ സ്നേഹത്തിലേക്ക് കൂടുതൽ ആഴത്തിൽ നാം പ്രവേശിക്കുകയും ചെയ്യുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു: 'ഇടവിടാതെ പ്രാർത്ഥിക്കുവിൻ' (1 തെസ്സ. 5, 17). പ്രാർത്ഥനയുടെ ഈ മനോഭാവം കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും വളർത്തിയെടുക്കുന്നതിനുള്ള ലളിതവും ശക്തവുമായ മാർഗ്ഗമാണ് ജപമാല. കുടുംബത്തിലെ സന്തോഷങ്ങളും ദുഃഖങ്ങളും പ്രതീക്ഷകളും ആശങ്കകളും ദൈവസന്നിധിയിൽ സമർപ്പിക്കുവാനും പരസ്പരം കൂടുതൽ സ്നേഹിക്കുവാനും ജപമാല നമ്മെ സഹായിക്കും.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ജപമാലയെക്കുറിച്ച് ഇപ്രകാരം പഠിപ്പിക്കുന്നു: "ജപമാല ക്രിസ്തുവിന്റെ മുഖം മറിയത്തോ

ടൊപ്പം ധ്യാനിക്കുന്ന ഒരു പ്രാർത്ഥനയാണ്”. വിശുദ്ധ പാദ്രെ പിയോയും ജപമാലയെ തന്റെ ദൈനംദിന ആത്മീയജീവിതത്തിന്റെ പ്രധാന ഭാഗമാക്കി. “ജപമാലയാണ് നമ്മുടെ കാലത്തെ ആയുധം” എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ വാക്കുകൾ ജപമാലയുടെ ആത്മീയ ശക്തിയിലേക്കാണ് വിരൽചൂണ്ടുന്നത്.

ഇന്നത്തെ ലോകത്തിൽ യുദ്ധങ്ങളും സംഘർഷങ്ങളും കുടുംബ പ്രശ്നങ്ങളും യുവജനങ്ങൾ നേരിടുന്ന വിവിധ വെല്ലുവിളികളും നമ്മെ ആശങ്കപ്പെടുത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ കുടുംബങ്ങളുടെ ഐക്യത്തിനും യുവജനങ്ങളുടെ വിശുദ്ധിക്കും ലോകസമാധാനത്തിനുമായി ജപമാല ചൊല്ലുന്നത് നമ്മുടെ പ്രത്യേക ആത്മീയ ദൗത്യമായി ഏറ്റെടുക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥം തേടി നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും സഭയുടെയും ലോകത്തിന്റെയും നിയോഗങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കാം.

ഈ ജപമാല മാസത്തിൽ നമ്മുടെ കുടുംബങ്ങളിൽ ഒരു ആത്മീയ നവീകരണം ആരംഭിക്കാം. ദിവസവും ഒരു നിശ്ചിത സമയത്ത് കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി ജപമാല ചൊല്ലുവാൻ ശ്രമിക്കാം. മാതാപിതാക്കൾ കുട്ടികളെ ജപമാലയിലേക്ക് സ്നേഹപൂർവ്വം നയിക്കണം. കുട്ടികളും യുവജനങ്ങളും ജപമാലയുടെ വിവിധ രഹസ്യങ്ങളിൽ നേതൃത്വം നൽകുകയും, തങ്ങളുടെ ജീവിതത്തിലെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യട്ടെ. ദിവസത്തിലെ തിരക്കുകൾക്കിടയിലും കുടുംബാംഗങ്ങൾ ഒരുമിച്ച് കുറച്ചുസമയം ദൈവസന്നിധിയിൽ ചെലവഴിക്കുന്നത് കുടുംബത്തിന്റെ വിശ്വാസജീവിതത്തിനും പരസ്പരസ്നേഹത്തിനും വലിയ അനുഗ്രഹമായിരിക്കും. സാധ്യമാകുന്നിടത്ത് ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബ കൂട്ടായ്മകളിലും ജപമാല പ്രാർത്ഥന സംഘടിപ്പിക്കാം. വീടുകളിൽ നിന്ന് വീടുകളിലേക്ക് ജപമാല പ്രാർത്ഥന നടത്തുന്നതിനും, രോഗികൾക്കും പ്രായമായവർക്കും ഒറ്റപ്പെട്ടവർക്കും ജപമാല പ്രാർത്ഥനയിൽ പങ്കുചേരാനുള്ള അവസരം ഒരുക്കുന്നതിനും ശ്രദ്ധിക്കാം.

നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കും കുടുംബങ്ങളുടെ ആവശ്യങ്ങൾക്കും രോഗികൾക്കും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വൈദികർക്കും സന്ന്യസ്തർക്കും സഭയ്ക്കും നമ്മുടെ രൂപതയ്ക്കും രാജ്യത്തിനും ലോകസമാധാനത്തിനും വേണ്ടി ഈ മാസം പ്രത്യേകം പ്രാർത്ഥിക്കാം.

പരിശുദ്ധ ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യത്തിലൂടെ നമ്മുടെ കുടുംബങ്ങളിൽ വിശ്വാസവും സ്നേഹവും ഐക്യവും സമാധാനവും വർദ്ധിക്കട്ടെ. മറിയം തന്റെ പുത്രനായ ഈശോയിലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുകയും, ‘‘അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ’’ (യോഹന്നാൻ 2, 5) എന്ന കാനായിലെ അമ്മയുടെ വാക്കുകൾ നമ്മുടെ ജീവിതത്തിന്റെ മാർഗ്ഗദർശനമാകുകയും ചെയ്യട്ടെ.

ഈ ഒക്ടോബർ മാസത്തിൽ നമുക്ക് ഒരുമിച്ച് ജപമാല ചൊല്ലാം; കുടുംബങ്ങളെ പ്രാർത്ഥനയുടെ കൂട്ടായ്മകളാക്കാം; ലോകസമാധാനത്തിനായി മാധ്യസ്ഥ്യം വഹിക്കാം; മറിയത്തോടൊപ്പം ക്രിസ്തുവിലേക്ക് നടക്കാം.

പരിശുദ്ധ ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യത്താൽ നിങ്ങളേവരിലും ദൈവാനുഗ്രഹം സമൃദ്ധമായി വർഷിക്കപ്പെടട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്,

✠ **ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

# സർക്കുലർ

CL.11/2026

# One Million Children Praying the Rosary

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

'ശിശുക്കളെ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്.' (മത്താ. 19, 14)

യുദ്ധവും അക്രമവും പീഡനങ്ങളും ദാരിദ്ര്യവും മൂലം ലോകത്തിന്റെ വിവിധയിടങ്ങളിൽ അനേകം മനുഷ്യർ വേദനിക്കുമ്പോൾ, കുഞ്ഞുങ്ങളുടെ നിഷ്കളങ്കമായ ജപമാല അർപ്പണം വഴി ലോകസമാധാനത്തിനായി പ്രാർത്ഥിക്കുക എന്ന ലക്ഷ്യത്തോടെ ACN International സംഘടിപ്പിക്കുന്ന 'One Million Children Praying the Rosary' എന്ന ആഗോള പ്രാർത്ഥനായജ്ഞത്തിലേക്ക് ഇടുക്കി രൂപതയിലെ എല്ലാ കുഞ്ഞുങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഈ പ്രാർത്ഥനായജ്ഞം ഇന്ന് ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള കുട്ടികളെ ഒരുമിപ്പിക്കുന്ന വലിയ വിശ്വാസസാക്ഷ്യമായി മാറിയിരിക്കുന്നു. വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും ജീവിതസാഹചര്യങ്ങളുമുള്ള കുട്ടികൾ ഒരേ നിയോഗത്തിൽ ലോകസമാധാനത്തിനും ഐക്യത്തിനുമായി ജപമാല ചൊല്ലുമ്പോൾ, സഭയുടെ സാർവ്വത്രികതയും പ്രാർത്ഥനയുടെ അതിരുകളില്ലാത്ത ശക്തിയും നമുക്ക് അനുഭവിക്കാനാകുന്നു.

2026 ഒക്ടോബർ 1-ന് വത്തിക്കാൻ ഗാർഡനിലെ ലൂർദ്ദ് ഗ്രോട്ടോയിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ കുട്ടികളോടൊപ്പം ലോകസമാധാനത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ലോകമെമ്പാടുമുള്ള ഇടവകകളും വിദ്യാലയങ്ങളും കുടുംബങ്ങളും അതേ

നിയോഗത്തിൽ ആത്മീയമായി പങ്കുചേരുന്നതിന് അവസരമൊരുക്കുക യാണ്. അതോടൊപ്പം, ഈ പ്രാർത്ഥനായജ്ഞം ഒക്ടോബർ 1 മുതൽ 7 വരെ ഒരു പ്രാർത്ഥനാ വാരമായി ആചരിക്കുകയും ഒക്ടോബർ 7-ന് ജപമാല റാണിയുടെ തിരുനാൾ ദിനത്തിൽ സമാപിക്കുകയും ചെയ്യും. ഈ ദിവസ ങ്ങളിൽ നമ്മുടെ എല്ലാ ഇടവകകളിലും വിദ്യാലയങ്ങളിലും വിശ്വാസ പരിശീലന കേന്ദ്രങ്ങളിലും ഭവനങ്ങളിലും കുട്ടികളെ ഒരുമിച്ചുകൂട്ടി ഈ ആഗോള പ്രാർത്ഥനയിൽ സജീവമായി പങ്കുചേർക്കണമെന്ന് സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു.

2005-ൽ വെനസ്വേലയിലെ ഏതാനും കുഞ്ഞുങ്ങൾ ഒരുമിച്ച് നടത്തിയ പ്രാർത്ഥനാ യജ്ഞത്തിൽ നിന്ന് തുടക്കം കുറിച്ച ഈ സംരംഭം, കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾ കൊണ്ട് ആഗോളതലത്തിൽ കുട്ടികളെയും കുടുംബങ്ങളെയും ഒന്നിപ്പിക്കുന്ന വലിയൊരു ആത്മീയ മുന്നേറ്റമായി വളർന്നു കഴിഞ്ഞു. 'പത്തുലക്ഷം കുട്ടികൾ ഒന്നിച്ച് ജപമാല ചൊല്ലുമ്പോൾ ലോകം മാറും' എന്ന വിശുദ്ധ പാദ്രെ പിയോയുടെ ദർശനമാണ് ഈ പ്രാർത്ഥനായജ്ഞത്തിന് ഊർജ്ജമേകുന്നത്.

'ഒടുവിൽ എന്റെ വിമലഹൃദയം വിജയം വരിക്കും' എന്ന ഫാത്തിമാ സന്ദേശത്തിലെ പ്രത്യാശയുടെ സദ്വാർത്തയാണ് ഈ വർഷത്തെ പ്രാർ ത്ഥനാ യജ്ഞം ലക്ഷ്യം വയ്ക്കുന്നത്. ഭയവും വിഭജനങ്ങളും അരക്ഷിതാ വസ്ഥയും നിറഞ്ഞ സമകാലിക ലോകത്ത്, കുഞ്ഞുങ്ങളുടെ പ്രാർത്ഥന വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും ഉജ്ജ്വലമായ സാക്ഷ്യമായി മാറട്ടെ.

നമ്മുടെ കുഞ്ഞുങ്ങളുടെ കൈകളിലെ ജപമാല ലോകസമാധാന ത്തിന്റെ ആയുധമായിത്തീരട്ടെ; അവരുടെ നിർമ്മല ഹൃദയങ്ങളിൽ നിന്നു യരുന്ന പ്രാർത്ഥനകൾ വേദനയനുഭവിക്കുന്ന ലോകത്തിന് സാന്ത്വനവും പ്രത്യാശയുമായി മാറട്ടെ.

ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയമേ, ഞങ്ങളുടെ കുഞ്ഞുങ്ങളെയും കുടുംബങ്ങളെയും ലോകം മുഴുവനെയും ലോകസമാ ധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്,

**✠ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

# കച്ചേരി വാർത്തകൾ

## C.74/26 New Appointments

1. Rev. Fr. James Palackamattathil - Vicar, Thopramkudy
2. Rev. Fr. Joseph Kattakayam - Vicar, Karimpan
3. Rev. Fr. Joseph Vattapparayil - Pastoral Ministry, Austria

## C.75/26 മിഷൻ മാസാചരണം

ആഗോള കത്തോലിക്കാ സഭ മിഷൻ ഞായർ ആചരിക്കുന്ന ഒക്ടോബർ മാസം സീറോ മലബാർ മെത്രാൻ സിനഡിന്റെ തീരുമാനമനുസരിച്ച് ഈ വർഷം മുതൽ മിഷൻ മാസമായി ആചരിക്കുകയാണല്ലോ. പ്രേഷിത ചൈതന്യവും ആഭിമുഖ്യവും വളർത്താനുതകുന്ന വിവിധ കർമ്മപരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുവാനും പ്രാവർത്തികമാക്കുവാനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. പ്രത്യേകമായി നമ്മുടെ രൂപത ഏറ്റെടുത്തിരിക്കുന്ന അരുണാചൽ പ്രദേശിലെ സാന്താ മരിയ മിഷൻ പ്രവർത്തനങ്ങളെ ഇടവകകളിൽ വിശദീകരിക്കുകയും മിഷന് വേണ്ടി പ്രാർത്ഥിക്കുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുയും ചെയ്യേണ്ടതാണ്. മിഷൻ ഞായർ ആചരണത്തോടനുബന്ധിച്ച് നമ്മൾ നടത്താറുള്ള മിഷൻ പിരിവ് മുൻവർഷങ്ങളിലേതുപോലെ സാന്താ മരിയ മിഷന് വേണ്ടി ആണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## C.76/26 വൈദികരുടെ മാസധ്യാനം

ഒക്ടോബർ മാസത്തെ പഠനവിഷയം – YOUCAT 98 മുതൽ 103 വരെയുള്ള നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

## C.77/26 ജപമാല മാസാചരണം

ഒക്ടോബർ മാസം നാം ജപമാല മാസമായി ആചരിക്കുകയാണല്ലോ. ഇടവകകളുടെ സാഹചര്യം അനുസരിച്ച് ജപമാല പ്രദക്ഷിണം,

കൂട്ടായ്മകളിലും വീടുകളിലും ദൈവാലയങ്ങളിലും ഉള്ള ജപമാല പ്രാർത്ഥനകൾ തുടങ്ങി വിവിധങ്ങളായ ശുശ്രൂഷകളിലൂടെ മാതാവിനോടുള്ള ഭക്തി പ്രകടമാക്കാൻ നമുക്ക് ശ്രദ്ധിക്കാം.

## C.78/26 വൈദിക സംഗമം

ഇടുക്കി രൂപതയിൽ വിവിധ ഇടവകകളിലും സന്ന്യസ്ത ഭവനങ്ങളിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരുടേയും ഒരു സംഗമം 2026 നവംബർ 26-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 pm മുതൽ 9.00 pm വരെ രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂളിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലാ വൈദികരേയും പ്രസ്തുത സംഗമത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## C.79/26 വികാരി കുർബ്ബാന

നമ്മുടെ രൂപതയിൽ ഇനി മുതൽ വികാരി കുർബ്ബാന ചൊല്ലേണ്ട നിശ്ചിത ദിനങ്ങൾ താഴെ പറയുന്നവയാണ്.

01 ദനഹാ തിരുനാൾ (ജനുവരി 06)
02 മാർ യൗസേപ്പിതാവിന്റെ തിരുനാൾ (മാർച്ച് 19)
03 ഉയിർപ്പ് തിരുനാൾ
04 സ്വർഗ്ഗാരോഹണ തിരുനാൾ
05 പന്തക്കുസ്താ തിരുനാൾ
06 ദുക്റാന തിരുനാൾ (ജൂലൈ 03)
07 സ്വർഗ്ഗാരോപണ തിരുനാൾ (ഓഗസ്റ്റ് 15)
08 കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ (സെപ്റ്റംബർ 14)
09 ക്രിസ്തുരാജന്റെ തിരുനാൾ
10 ക്രിസ്തുമസ് (ഡിസംബർ 25)

## C.80/26 പ്രാർത്ഥനാശംസകൾ

**അജപാലന ശുശ്രൂഷ :** മാൾട്ടയിൽ സീറോ മലബാർ വിശ്വാസികൾക്കായി അജപാലന ശുശ്രൂഷ ആരംഭിച്ച ബഹു. മാത്യു പുതുപ്പറമ്പിൽ അച്ചനും ഓസ്ട്രിയയിലെ ഗ്രാസ് രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ച ബഹു. ജോസഫ് വട്ടപ്പാറയിൽ അച്ചനും ഇറ്റലിയിലെ മിലാൻ അതിരൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ച ബഹു. സ്കറിയ പ്ലാത്തറ അച്ചനും പ്രാർത്ഥനാശംസകൾ.

**ഉപരിപഠനം** : റോമിലെ അൽഫോൻസിയൻ യൂണിവേഴ്സിറ്റിയിൽ ധാർമ്മിക ദൈവശാസ്ത്രത്തിൽ ഉപരിപഠനം ആരംഭിച്ച ബഹു. വർഗീസ് പാറയ്ക്കൽ അച്ചനും, സ്വിറ്റ്സർലൻഡിലെ ലുഗാനോ യൂണിവേഴ്സിറ്റിയിൽ സഭാവിജ്ഞാനീയത്തിൽ ഉപരിപഠനം ആരംഭിച്ച ബഹു. തോമസ് കരിവേലിക്കൽ അച്ചനും പ്രാർത്ഥനാശംസകൾ.

## C.81/26 രൂപതാ മരിയൻ തീർത്ഥാടനം

ആറാമത് ഇടുക്കി രൂപതാ മരിയൻ തീർത്ഥാടനം സെപ്റ്റംബർ 5 ശനിയാഴ്ച നടത്തപ്പെട്ടു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും എത്തിച്ചേർന്ന ആയിരങ്ങൾ അണിനിരന്ന കാൽനട തീർത്ഥാടനം രാജാക്കാട് ക്രിസ്തുരാജാ ഫൊറോനാ പള്ളിയിൽ നിന്നും രാജകുമാരി ദൈവമാതാ പള്ളിയിലേക്കാണ് നടത്തിയത്. രാവിലെ 8.15 മുതൽ 9.15 വരെ രൂപതാ പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർ ബഹുമാനപ്പെട്ട ആന്റണി പാലാപുളിക്കൽ അച്ചൻ നയിച്ച ദിവ്യകാരുണ്യ ആരാധനയ്ക്ക് ശേഷം, അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ തീർത്ഥാടനത്തിൽ സംവഹിക്കുന്ന തിരുസ്വരൂപം ആശീർവ്വദിക്കുകയും, മരിയൻ പതാക തീർത്ഥാടനത്തിന്റെ ജനറൽ കോ-ഓർഡിനേറ്റർ വികാരി ജനറാൾ ബഹു. മോൺ. അബ്രഹാം പുറയാറ്റിന് കൈമാറി തീർത്ഥാടനം ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു.

വികാരി ജനറാൾമാരായ മോൺ. അബ്രഹാം പുറയാറ്റ്, മോൺ. ജോസ് നരിതൂക്കിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് കോയിക്കൽ, ഫൊറോനാ വികാരിമാർ, സംഘടനാ ഡയറക്ടർമാർ എന്നിവർ അഭിവന്ദ്യ പിതാവിനോടൊപ്പം തീർത്ഥാടനത്തിന്റെ മുൻനിരയിൽ അണിനിരന്നു. അതിന് തൊട്ട് പിന്നിലായി വിവിധ ഭക്തസംഘടനകളുടെ രൂപതാതല ഭാരവാഹികൾ, ബഹുമാനപ്പെട്ട വൈദികർ എന്നിവർ തീർത്ഥാടനത്തിന്റെ ഭാഗമായി.

അതിന് പിന്നിലായി വിശ്വാസികൾ ഭക്തിപൂർവ്വം സംവഹിച്ച മരിയൻ തിരുസ്വരൂപം അണിനിരന്നു. രാജാക്കാട്, രാജകുമാരി, മുരിക്കുംതൊട്ടി, ജോസ്ഗിരി, സ്ലീവാമല, കാന്തിപ്പാറ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ, മാതൃവേദി, കെ.സി.വൈ.എം., വിൻസെന്റ് ഡി പോൾ എന്നീ ഭക്തസംഘടനകളുടെ പ്രതിനിധികൾ, വൈദികർ, വിവിധ

സന്ന്യാസിനീ സമൂഹങ്ങളിലെ അംഗങ്ങൾ എന്നിവരാണ് തീർത്ഥാടന ത്തിൽ മരിയൻ രൂപം ചുമലിൽ വഹിച്ചത്.

രൂപത്തിന് പിന്നിലായി ബഹുമാനപ്പെട്ട സന്ന്യാസിനിമാർ എഫ്.സി.സി., സി.എം.സി., എസ്.എ.ബി.എസ്., എസ്.എച്ച്., എസ്.ഡി., സി.എസ്.എൻ., എസ്.എം.സി. എന്നീ ക്രമത്തിൽ അണിനിരന്നു. തുടർന്ന് രൂപതയിൽ പ്രവർത്തിക്കുന്ന ഇതര സന്ന്യാസിനീ സമൂഹങ്ങളിൽ നിന്നുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സും തീർത്ഥാടനത്തിന്റെ ഭാഗമായി. പിന്നാലെ വിവിധ ഇടവകകളിൽ നിന്നെത്തിയ വിശ്വാസ സമൂഹം അണിനിരന്നു. കരങ്ങളിൽ മരിയൻ പതാകകളുമേന്തി, ജപമാല ചൊല്ലി ഭക്തി സാന്ദ്രമായി നടത്തിയ കാൽനട തീർത്ഥാടനം വിവിധ കേന്ദ്രങ്ങളിൽ മതസൗഹാർദ്ദ കൂട്ടായ്മ, മർച്ചന്റ്സ് അസോസിയേഷൻ, ക്ഷേത്രം ഭരണ സമിതി തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗത്തിലുള്ളവരുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയാണ് ലക്ഷ്യസ്ഥാനമായ രാജകുമാരിയിലേയ്ക്ക് മുന്നേറിയത്.

രാജകുമാരി പട്ടണത്തിൽ തീർത്ഥാടന ദൈവാലയ വികാരി പെരിയ ബഹു. ജോസ് നരിതൂക്കിൽ അച്ചനും ഇടവക പ്രതിനിധികളും ചേർന്ന് തീർത്ഥാടകരെ സ്വീകരിച്ചു. കാൽനട തീർത്ഥാടനം പള്ളിക്ക് മുൻപിലുള്ള മരിയൻ ഗ്രോട്ടോയുടെ ഭാഗത്ത് എത്തിയപ്പോൾ അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ തൃശൂർ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയെ സ്വീകരിച്ചു. പള്ളിയിൽ പ്രവേശിച്ച് ദിവ്യകാരുണ്യ ആശീർവ്വാദത്തോടെ സമാപിച്ച തീർത്ഥാടനത്തിൽ പങ്കെടുത്തവർക്ക് പൂർണ്ണ ദണ്ഡവിമോചനവും പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് നടന്ന ആഘോഷമായ പൊന്തിഫിക്കൽ സമൂഹ ബലിയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിക്കുകയും തിരുവചന സന്ദേശം നൽകുകയും ചെയ്തു. മാർ ജോൺ നെല്ലിക്കുന്നേൽ, വികാരി ജനറാൾമാർ, ഫൊറോനാ വികാരിമാർ, രൂപതയിലെ വൈദികർ എന്നിവർ സഹകാർമ്മികരായി.

## C.82/26 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം | ഒക്ടോബർ 04 |
| ഫാ. ഫ്രാൻസിസ് ചുനയമ്മാക്കൽ | ” |
| ഫാ. ഫ്രാൻസിസ് കോലോത്ത് | ” |

| | |
|---|---|
| ഫാ. ഫ്രാൻസിസ് അമ്പലത്തിങ്കൽ | ഒക്ടോബർ 04 |
| ഫാ. ഫ്രാൻസിസ് കുഴിപ്പിള്ളിൽ | ” |
| ഫാ. അബ്രാഹം പുറയാറ്റ് | ഒക്ടോബർ 09 |
| ഫാ. അബ്രാഹം ഇരട്ടച്ചിറയിൽ | ” |
| ഫാ. അബ്രാഹം കൊച്ചുപറമ്പിൽ | ” |
| ഫാ. അബ്രാഹം മണിമലക്കുന്നേൽ | ” |
| ഫാ. അബ്രാഹം പള്ളിത്താഴത്ത് | ” |
| ഫാ. ലൂക്ക് ആനിക്കുഴിക്കാട്ടിൽ | ഒക്ടോബർ 18 |
| ഫാ. ലൂക്ക് തച്ചാപറമ്പത്ത് | ” |

# സാന്താ മരിയ മിഷൻ

### SA.26/26 മിഷൻ സന്ദർശനം

ബഹുമാനപ്പെട്ട ജെയിംസ് പുന്നപ്ലാക്കലച്ചൻ സാന്താ മരിയ മിഷൻ സന്ദർശിച്ചു. മിഷനിലെ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സുമായി കൂടിക്കാഴ്ച നടത്തുകയും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും മിഷന്റെ അസാധാരണമായ വളർച്ചയിൽ വലിയ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

### SA.27/26 Apatani Kitchen വെഞ്ചരിപ്പ്

സാന്താ മരിയ മിഷനിലെ സീറോയിലുള്ള ഇൻഫന്റ് ജീസസ് പ്രയർ സെന്ററിൽ പുതുതായി നിർമ്മിച്ച 'Apatani Kitchen'ന്റെ വെഞ്ചരിപ്പ് കർമ്മം ബഹുമാനപ്പെട്ട ജെയിംസ് പുന്നപ്ലാക്കലച്ചൻ നിർവ്വഹിച്ചു. സമീപത്തുള്ള കുടുംബാംഗങ്ങൾ പങ്കെടുത്ത ചടങ്ങിൽ, ഇതിന്റെ നിർമ്മിതിക്കായി സഹായിച്ച എല്ലാവർക്കും മെമന്റോ നൽകി ആദരിക്കുകയും ചെയ്തു.

### SA.28/26 ഹോം മിഷൻ

സാന്താ മരിയ മിഷനിലെ Dumborjo മിഷൻ ഹൗസിലേക്ക് മൂന്ന് മാസത്തെ ഹോം മിഷൻ (Home Mission) സേവനത്തിനായി സെന്റ് മർത്താസ് കോൺഗ്രിഗേഷനിൽ നിന്നുള്ള സിസ്റ്റർമാർ എത്തിച്ചേർന്നു. സി. പാവന, സി. ജോസ്‌ലിൻ, സി. മരിയ എന്നിവരാണ് ഈ കാലയളവിൽ മിഷൻ കേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട ജോൺ തൊണ്ണംമാക്കൽ അച്ചനോടൊപ്പം നേതൃത്വം നൽകുന്നത്. മിഷൻ ഹൗസിന്റെ ആഭിമുഖ്യത്തിൽ ഇവർക്ക് ഹൃദ്യമായ സ്വീകരണം നൽകി.

### SA.29/26 അഭിവന്ദ്യ പിതാവിന്റെ സന്ദർശനം

അഭിവന്ദ്യ പിതാവ് സാന്താ മരിയ മിഷനിൽ ഔദ്യോഗിക സന്ദർശനം നടത്തി. മിഷന്റെ പരിധിയിലുള്ള എല്ലാ പ്രദേശങ്ങളും സന്ദർശിച്ച പിതാവ് പ്രദേശവാസികളുമായും വിശ്വാസികളുമായും വിശേഷങ്ങൾ പങ്കുവെച്ചു. തുടർന്ന് മിഷനിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സുമായി പിതാവ് പ്രത്യേക കൂടിക്കാഴ്ച നടത്തി.

### SA.30/26 ഇറ്റാനഗർ പിതാവിന്റെ സന്ദർശനം

അരുണാചൽ പ്രദേശിലെ ഇറ്റാനഗർ രൂപതാധ്യക്ഷൻ മാർ ബെന്നി ഇടത്തട്ടേൽ സാന്താ മരിയ മിഷനിൽ വന്ന് മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനെ സന്ദർശിച്ചു.

### SA.31/26 കത്തോലിക്കാ അസോസിയേഷൻ

അരുണാചൽ പ്രദേശ് കത്തോലിക്കാ അസോസിയേഷന്റെ പ്രസിഡന്റ് നബാം തുക്കി, ജനറൽ സെക്രട്ടറി മിച്ചി ഡാനിയേൽ എന്നിവരെ അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് സന്ദർശിച്ച് ചർച്ചകൾ നടത്തി.

## മാർ എഫ്രേം മൈനർ സെമിനാരി

### MS.26/26 രാജകുമാരി മരിയൻ തീർത്ഥാടനം

എട്ടു നോമ്പിനോട് അനുബന്ധിച്ച് നടത്തിയ മരിയൻ തീർത്ഥാടനത്തിൽ വൈദിക വിദ്യാർഥികൾ പങ്കെടുത്തു.

### MS.27/26 ബാസ്കറ്റ്ബോൾ, വോളിബോൾ കോച്ചിംഗ് ക്യാമ്പ്

വൈദിക വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിന്റെ ഭാഗമായി ബാസ്ക്കറ്റ്ബോൾ, വോളിബോൾ കോച്ചിംഗ് നടത്തി. ഫാ. സെബാസ്റ്റ്യൻ മനയ്ക്കലേട്ട്, ഫാ. ജോസഫ് വടക്കേമുറിയിൽ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

### MS.28/26 സെമിനാരിക്ക് സംഭാവനകൾ നൽകിയവർ

1) ജോർജുകുട്ടി ഇടശ്ശേരി അടിമാലി – 10000
2) ഫാ. ജെയിംസ് പുന്നപ്ലാക്കൽ – 25000
3) ഫാ. തോമസ് വാഴയിൽ – 15000
4) ഫാ. തോമസ് ഉറുമ്പിൽ – 10000

## സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ്

### FY.09/26 എട്ട് നോമ്പാരംഭം

എട്ട് നോമ്പിനോട് അനുബന്ധിച്ച് സെപ്റ്റംബർ ഒന്നാം തീയതി സഹായ ഗിരി സെന്റ് മേരീസ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും തിരുനാൾ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**FY.10/26 മരിയൻ തീർത്ഥാടനം**

ആറാമത് ഇടുക്കി രൂപത മരിയൻ തീർത്ഥാടനത്തിൽ സെമിനാരിയിലെ വൈദികരും വൈദിക വിദ്യാർത്ഥികളും പ്രാർത്ഥനയോടെ പങ്കുചേർന്നു. തുടർന്ന് നടന്ന പൊന്തിഫിക്കൽ കുർബാനയിലും സജീവമായി പങ്കെടുത്തു.

**FY.11/26 ഹിന്ദി കുർബാന**

എട്ട് നോമ്പിനോടനുബന്ധിച്ച് മരിയൻ തീർത്ഥാടന കേന്ദ്രമായ രാജകുമാരി ദൈവമാതാ പള്ളിയിൽ സെപ്റ്റംബർ ആറാം തീയതി ഹിന്ദി ഭാഷയിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

**FY.12/26 പരിശുദ്ധ കന്യകാ മറിയത്തിന്റെ ജനന തിരുനാൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാളിനോട് അനുബന്ധിച്ച് മേരിലാൻഡ് സെന്റ് മേരീസ് പള്ളിയിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും തിരുനാൾ തിരുകർമ്മങ്ങളിൽ പങ്കുചേരുകയും ചെയ്തു.

മരിയൻ തീർത്ഥാടന കേന്ദ്രമായ രാജകുമാരി ദൈവമാതാ പള്ളിയിൽ എത്തി പ്രാർത്ഥിക്കുകയും വിമല ഹൃദയ പ്രതിഷ്ഠ നടത്തുകയും ചെയ്തു.

**FY.13/26 വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ**

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെമിനാരിയിൽ ആഘോഷിച്ചു. തിരുനാൾ ദിനത്തിൽ ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും സ്ലീവാ ചുംബനം നടത്തുകയും ചെയ്തു.

**FY.14/26 എട്ടാമിടം തിരുനാൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാളിന്റെ എട്ടാമിടമായ സെപ്റ്റംബർ പതിനഞ്ചാം തീയതി രാജകുമാരി ദൈവമാതാ പള്ളിയിൽ റാസ കുർബാനയിൽ പങ്കെടുക്കുകയും തിരുനാൾ തിരുക്കർമ്മങ്ങളിൽ പങ്കുചേരുകയും ചെയ്തു.

**FY.15/26 പേരന്റ്സ് ഡേ**

ഈ വർഷത്തെ പേരന്റ്സ് ഡേ സെപ്റ്റംബർ 27-ന് നടത്തി. ബ്രദേഴ്സിന്റെ മാതാപിതാക്കളും സഹോദരങ്ങളും സെമിനാരി സന്ദർശിക്കുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

# കുടുംബ കൂട്ടായ്മ

## KK.10/26  ബൈബിൾ വായന

മിഷൻ മാസാചരണവുമായി ബന്ധപ്പെട്ട് ഒക്ടോബർ മാസം മൂന്നാം തീയതി മുതൽ മുപ്പതാം തീയതി വരെ പുതിയ നിയമത്തിലെ അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന പുസ്തകം ഒരു ദിവസം ഒരു അധ്യായം എന്ന ക്രമത്തിൽ 28 ദിവസങ്ങൾകൊണ്ട് വായിക്കാനുള്ള പദ്ധതിയിൽ പങ്കുചേരാം. ഒക്ടോബർ മാസത്തിൽ സഭയുടെ മിഷൻപ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ പരിശ്രമിക്കുന്നതിനോടൊപ്പം അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിക്കുന്ന വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങൾ നമ്മുടെ പ്രേഷിതാഭിമുഖ്യം വർദ്ധിപ്പിക്കട്ടെ.

| ഒക്ടോബർ | അധ്യായം | ഒക്ടോബർ | അധ്യായം | ഒക്ടോബർ | അധ്യായം |
|---|---|---|---|---|---|
| 3 ശനി | 1 | 13 ചൊവ്വ | 11 | 23 വെള്ളി | 21 |
| 4 ഞായർ | 2 | 14 ബുധൻ | 12 | 24 ശനി | 22 |
| 5 തിങ്കൾ | 3 | 15 വ്യാഴം | 13 | 25 ഞായർ | 23 |
| 6 ചൊവ്വ | 4 | 16 വെള്ളി | 14 | 26 തിങ്കൾ | 24 |
| 7 ബുധൻ | 5 | 17 ശനി | 15 | 27 ചൊവ്വ | 25 |
| 8 വ്യാഴം | 6 | 18 ഞായർ | 16 | 28 ബുധൻ | 26 |
| 9 വെള്ളി | 7 | 19 തിങ്കൾ | 17 | 29 വ്യാഴം | 27 |
| 10 ശനി | 8 | 20 ചൊവ്വ | 18 | 30 വെള്ളി | 28 |
| 11 ഞായർ | 9 | 21 ബുധൻ | 19 | | |
| 12 തിങ്കൾ | 10 | 22 വ്യാഴം | 20 | | |

## KK.11/26  ചർച്ചാ സഹായി

ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് ഒക്ടോബർ മാസത്തിൽ നടത്തുന്ന കുടുംബക്കൂട്ടായ്മകളിൽ ഉപയോഗിക്കാനുള്ള ചർച്ചാ സഹായി ഇതോടൊപ്പം നൽകുന്നു.

### വി. ഫ്രാൻസിസ് അസ്സീസി

വി. ഫ്രാൻസിസ് അസ്സീസിയെപ്പോലെ ക്രൈസ്തവരേയും ലോകത്തേയും സ്വാധീനിച്ച അധികം പേർ ഉണ്ടായിട്ടില്ല. ഇന്നും അദ്ദേഹത്തെ മാതൃകയാക്കുന്നവരുടെ എണ്ണം ഏറി വരികയാണ്. സമ്പത്തിന്റെയും അധികാര

ത്തിന്റെയും പ്രശസ്തിയുടെയും പിന്നാലെ പോകുന്നതിന് പകരം, ഈശോ മിശിഹായുടെ സുവിശേഷത്തെ ജീവിതത്തിന്റെ കേന്ദ്രമാക്കി മാറ്റിയ വ്യക്തിയായിരുന്നു അദ്ദേഹം. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസി അക്ഷരാർത്ഥത്തിൽ ഈശോയെ അനുകരിച്ച് ജീവിക്കാൻ ശ്രമിച്ച വിശുദ്ധനാണ്. ഈ വിശുദ്ധന്റെ ജിവിതത്തെ അടുത്തറിയാൻ പരിശ്രമിക്കാം.

**ഹ്രസ്വ ജീവ ചരിത്രം**

അസ്സീസിയിലെ ഉംബ്രിയാ എന്ന സ്ഥലത്ത് ബെർണാർഡോൺ എന്ന ധനികനായ വസ്ത്ര വ്യാപാരിയുടെ മകനായി 1181-ലാണ് വിശുദ്ധ ഫ്രാൻസിസിന്റെ ജനനം. ഒരു ധനികന്റെ മകനായതിനാൽ നല്ല രീതിയിൽ വിദ്യാഭ്യാസം ലഭിച്ചിരുന്ന ഫ്രാൻസിസ് ആദ്യകാലങ്ങളിൽ ഭൗതീകതയിൽ മുഴുകി വളരെ സുഖലോലുപമായ ജീവിതമാണ് നയിച്ചിരുന്നത്. 20-ാമത്തെ വയസ്സിൽ അസ്സീസിയൻസും പെറൂജിയൻസും തമ്മിലുണ്ടായ യുദ്ധത്തിൽ ഇദ്ദേഹം പെറൂജിയൻസിനെതിരെ പോരാടുകയും തടവുകാരനായി പിടിക്കപ്പെടുകയും ചെയ്തു. തടവിൽ കഴിയുമ്പോൾ ഈശോയുടെ ദർശനം ഉണ്ടാവുകയും ഇത് ഫ്രാൻസിസിന്റെ ജീവിതത്തെ മാറ്റിമറിക്കുകയും ചെയ്തു. തടവിൽ നിന്നും മോചനം ലഭിച്ചതിന് ശേഷം, ഇതുവരെയുള്ള ജീവിതശൈലി ഉപേക്ഷിക്കുവാനും ഈശോ മിശിഹായുടെ പാത പിന്തുടരുവാനുമുള്ള ഉറച്ച തീരുമാനം അദ്ദേഹം എടുത്തു. തന്റെ സമ്പാദ്യം മുഴുവനും ഉപേക്ഷിച്ച് ദാരിദ്ര്യം നിറഞ്ഞ ജീവിതം സ്വീകരിച്ച ഫ്രാൻസിസ് സുവിശേഷം ജീവിത നിയമമായി തിരഞ്ഞെടുത്തു. തന്നെത്തന്നെ താഴ്ത്തിക്കൊണ്ട് അദ്ദേഹം പഴകിയ പരുക്കൻ വസ്ത്രങ്ങൾ ധരിച്ചു. ഭക്ഷണത്തിനായി തെരുവിൽ യാചിച്ചു. ഫ്രാൻസിസിന്റെ ജീവിതവും വാക്കുകളും ധാരാളം പേരെ സ്വാധീനിച്ചിരുന്നു. 1209-ൽ 'ഫ്രാൻസിസ്കൻ സഭ' (Order of Friars Minor) സ്ഥാപിച്ച അദ്ദേഹം, സഭയിൽ ലളിതജീവിതവും എളിമയും പുനരുജ്ജീവിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. പിന്നീട് 1212-ൽ അസ്സീസിയിലെ വിശുദ്ധ ക്ലാരയുമായി ചേർന്ന് 'Poor Clares' എന്ന് ഇന്നറിയപ്പെടുന്ന 'പാവപ്പെട്ട മഹതികൾ' എന്ന സന്ന്യാസിനീ സഭയ്ക്കടിസ്ഥാനമിട്ടു. കൂടാതെ അല്മായരേയും ഉൾപ്പെടുത്തിക്കൊണ്ട് 'മൂന്നാം സഭ' (The Third Order)യ്ക്കും അദ്ദേഹം രൂപം നൽകി. ഏറ്റവും എളിമയുള്ള ജീവിതം നയിച്ചിരുന്നതിനാൽ ഫ്രാൻസിസ് വൈദിക പട്ടം പോലും സ്വീകരിക്കാതെ ഒരു 'ഡീക്കൻ' ആയിട്ടാണ് ജീവിതകാലം മുഴുവൻ കഴിഞ്ഞത്. 1224-ൽ ഫ്രാൻസിസിന് ഈശോയുടെ അഞ്ച് തിരുമുറിവുകളും (പഞ്ചക്ഷതം) ആദ്യമായി ലഭിച്ചു. 1226 ഒക്ടോബർ 4-ന് തന്റെ 44-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. 1228-ൽ ഗ്രിഗറി ഒമ്പതാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

**ജീവിത ദർശനങ്ങൾ**

ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രമാക്കിയ വിശുദ്ധ ഫ്രാൻസിസ്, ഇന്നും ലോകത്തിന് ഒരു വ്യത്യസ്തമായ ജീവിതദർശനം സമ്മാനിക്കുന്നു. അദ്ദേ

ഹത്തിന്റെ ജീവിതം ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മനോഹരമായ സമന്വയമായിരുന്നു.

**സൃഷ്ടിപ്രപഞ്ചത്തോടുള്ള സ്നേഹം**

ഫ്രാൻസിസ് അസ്സീസിയെ പ്രകൃതിയോടുള്ള സ്നേഹത്തിന്റെ വിശുദ്ധനായി ലോകം ഓർക്കുന്നു. സകല ജീവജാലങ്ങളെയും പ്രകൃതിയെയും അദ്ദേഹം തന്റെ സഹോദരീ സഹോദരന്മാരായി കണ്ടു. പ്രകൃതിയെ ദൈവത്തിന്റെ കണ്ണാടിയായിട്ടാണ് ഫ്രാൻസിസ് കണ്ടത്. സൂര്യനെയും ചന്ദ്രനെയും കാറ്റിനെയും സഹോദരൻ, സഹോദരി എന്ന് വിളിച്ച ഫ്രാൻസിസ്, പ്രകൃതിയോടും സകല ജീവജാലങ്ങളോടും ആഴമായ ആദരവ് പുലർത്തി. സൂര്യനെയും ചന്ദ്രനെയും വെള്ളത്തെയും കാറ്റിനെയും ഭൂമിയെയും പക്ഷികളെയും മൃഗങ്ങളെയും ദൈവത്തിന്റെ സൃഷ്ടികളായി അദ്ദേഹം ആദരിച്ചു. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം ഇന്നത്തെ ലോകത്തിന് അദ്ദേഹം നേരത്തെ കാണിച്ചുതന്നു. പരിസ്ഥിതി സംരക്ഷണം നമ്മുടെ ഒരോരുത്തരുടെയും ഉത്തരവാദിത്വമാണ്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക. വെള്ളം പാഴാക്കാതിരിക്കുക, മരങ്ങൾ നട്ടുപിടിപ്പിക്കുക, മാലിന്യം ശരിയായ രീതിയിൽ നിർമ്മാർജനം ചെയ്യുക, തുടങ്ങിയ ചെറിയ പ്രവർത്തനങ്ങളിലൂടെ പ്രകൃതിയെ സംരക്ഷിക്കുന്ന ചുമതല നമുക്ക് ഏറ്റെടുക്കാം.

**ലാളിത്യം**

ഫ്രാൻസിസ് ലാളിത്യത്തിന്റെ വലിയ മാതൃകയാണ്. 'എന്റെ സഭ പണിയുക' എന്ന ദൈവവിളി കേട്ട ഫ്രാൻസിസ്, സ്വന്തം ധനവും പ്രതാപവും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ ദാരിദ്ര്യത്തെ വരിച്ചു. ലളിതജീവിതം എന്നത് കേവലം ഒരു തത്ത്വമല്ല, മറിച്ച് ക്രിസ്തുവിനെ അനുഗമിക്കാനുള്ള മാർഗ്ഗമാണെന്ന് അദ്ദേഹം കാട്ടിത്തന്നു. കൂടുതൽ സ്വന്തമാക്കുന്നതിലല്ല, കൂടുതൽ സ്നേഹിക്കുന്നതിലാണ് ജീവിതത്തിന്റെ സമ്പത്ത് എന്നാണ് വി. ഫ്രാൻസിസ് നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ ജീവിതത്തിലും ഈ സന്ദേശത്തിന് വലിയ പ്രസക്തിയുണ്ട്. ജീവിതത്തിൽ ലാളിത്യം വളർത്തുമ്പോൾ പങ്കുവയ്ക്കാനും മറ്റുള്ളവരെ സഹായിക്കാനും കൂടുതൽ അവസരം ലഭിക്കും.

**സമാധാന സന്ദേശം**

വിശുദ്ധ ഫ്രാൻസിസ് സമാധാനത്തിന്റെ സന്ദേശവാഹകനായിരുന്നു. വിദ്വേഷമുള്ളിടത്ത് സ്നേഹവും, സംശയമുള്ളിടത്ത് വിശ്വാസവും നൽകാൻ അദ്ദേഹം ആഹ്വാനം ചെയ്തു. 'കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ' എന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന ലോകമെമ്പാടും പ്രശസ്തമാണ്. ഈ പ്രാർത്ഥന ഓരോ ക്രൈസ്തവന്റെയും പ്രാർത്ഥനയായി മാറേണ്ടതാണ്. കുടുംബത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം; തലമുറകൾ തമ്മിൽ ചിന്താഭേദങ്ങൾ ഉണ്ടാകാം; ചിലപ്പോൾ വാക്കുകൾ മുറിവേൽപ്പിച്ചേക്കാം. എന്നാൽ മുറിവിന് മുകളിൽ മുറിവേൽപ്പിക്കാതെ, ക്ഷമയുടെ ഒരു വാക്ക് പറയാൻ കഴിയുന്നിടത്താണ് ക്രിസ്തീയ ജീവിതത്തിന്റെ സൗന്ദര്യം.

**ഉപസംഹാരം**

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം നമുക്ക് വെറുമൊരു ചരിത്രമല്ല, മറിച്ച് അനുദിന ജീവിതത്തിൽ പകർത്തേണ്ട ഒരു വലിയ മാതൃകയാണ്. ഭൂമിയുടെ ക്യാൻവാസിൽ ദൈവത്തെ വരച്ചുകാട്ടുന്ന ഈ മനുഷ്യസ്നേഹി ദൈവമനുഷ്യ പ്രകൃതിസ്നേഹത്തിന്റെ സഹോദര്യങ്ങൾ നമുക്ക് പറഞ്ഞു തരുന്നു.

**കുടുംബകൂട്ടായ്മകളിൽ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ഫ്രാൻസിസിന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ നമ്മെ ആകർഷിക്കുന്ന ഗുണം ഏതാണ്? എന്തുകൊണ്ട്?
2. പ്രകൃതി സംരക്ഷണത്തിനായി ഈ മാസം ചെയ്യാൻ കഴിയുന്ന മൂന്ന് കാര്യങ്ങൾ ഏതൊക്കെയാണ്?
3. ജീവിതത്തിൽ ലാളിത്യം പരിശീലിക്കേണ്ട മേഖലകൾ ഏതെല്ലാം?

# ബൈബിൾ അപ്പോസ്തലേറ്റ്

## BA.16/26 ലോഗോസ് പരീക്ഷാ പരിശീലന വിജയികൾ

രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അഞ്ച് ആഴ്ചകളിലായി നടത്തിയ ലോഗോസ് ക്വിസ് ഓൺലൈൻ പരീക്ഷാ പരിശീലനത്തിൽ വിജയികളായവരുടെ പേരു വിവരങ്ങൾ :–

**16/08/2026 ഞായർ**

ആഗ്നസ് ബിജു നരിതൂക്കിൽ, പനംകൂട്ടി
ബിയോൾ വി. ജോയി വയലിൽ, വാത്തിക്കുടി
നീതു പ്രിൻസ് കളപ്പുരയ്ക്കൽ, തൂക്കുപാലം
ജെനുമോൾ ജോർജ് നടുത്തേരിൽ, കോമ്പയാർ
സി. ജെയ്സിലിൻ CMC, ഇടുക്കി

**23/08/2026 ഞായർ**

ബേബി ജോൺ നെച്ചികാട്ട്, ശാന്തിഗ്രാം
ഷിബി സാബു അറയ്ക്കത്തറയിൽ, സ്ലീവാമല
പ്രിൻസി മാത്യു തെക്കേകുന്നേൽ, കല്ലാർകുട്ടി
ആനി സിജോ നെല്ലംകുഴിയിൽ, വെൺമണി
സി. ജാൻസി ട്രീസ SD, സഹായഗിരി

**30/08/2026 ഞായർ**

അമലു ജോർജ് വാലുമ്മേൽ, ഉപ്പുതോട്

ജോസ്‌ലി ബിൻസ് മുതുകുളത്ത്, കാരിത്തോട്

ജാൻസി തോമസ് പുത്തൂർ, പഴയരിക്കണ്ടം

റെജി ജെയിംസ് പെരുമ്പനാനിയിൽ, കുഞ്ചിത്തണ്ണി

സി. അഞ്ജു മരിയ SABS, വാഴത്തോപ്പ്

**06/09/2026 ഞായർ**

സോമി തോമസ് വെട്ടിക്കുഴ, കരിക്കുംതോളം

ജോബിന ജോർജ് മറ്റത്തിൽ, ലോവർ കുളമാവ്

റാണി ജോൺ പാറപ്പുറത്ത്, വെള്ളയാംകുടി

ജിലു നോയൽ എരപ്പുഴിക്കര, മരിയാപുരം

സി. ജൂബിറ്റ് LAR, വാഴത്തോപ്പ്

**13/09/2026 ഞായർ**

അഡോൺ ജോയി പാലയ്ക്കൽ, രാജാക്കാട്

ഡോണിഷ് തോമസ് ഇടയാടിയിൽ, ഇരട്ടയാർ

ജയ്മോൾ സോണി ആരൂച്ചേരിൽ, രാജമുടി

ആൻമരിയ ജോസ് വള്ളിയാംപൊയ്കയിൽ, കരിമ്പൻ

സി. സീന റോസ് SH, നാരകക്കാനം

## BA.17/26 വചനോപാസന ബൈബിൾ വചനപഠനമത്സരം : ഫൊറോനതലം

വചനോപാസന ബൈബിൾ വചനപഠന മത്സരത്തിന്റെ ഫൊറോനതല മത്സരങ്ങൾ ഒക്ടോബർ മാസം 25-ാം തീയതിയാണ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. മത്സരാർത്ഥികൾക്ക് മോഡൽ പരീക്ഷാ ചോദ്യാവലി ലഭ്യമാക്കുന്നതാണ്. ഫൊറോനതല മത്സരത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- ഇടവകതല മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ ഗ്രൂപ്പുകൾ ഫൊറോനതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നു.
- ഫൊറോനാതല മത്സരത്തിൽ 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യാവലി നൽകുന്നതാണ്. ഇതിൽ ഇടുക്കി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ലോഗോസ് ക്വിസ് 2026-നോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരഞ്ഞെടുത്ത വചനങ്ങളിൽ നിന്നും 40 ചോദ്യങ്ങളും, ലോഗോസ് മത്സര പരീക്ഷയ്ക്കായി തയ്യാറാക്കി നല്കിയിരിക്കുന്ന 400 ചോദ്യങ്ങിൽ നിന്നും 40 ചോദ്യങ്ങളും, കൂടാതെ ലോഗോസ് ക്വിസ് 2026-നായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പഠനഭാഗങ്ങളിൽ നിന്നും 20 ചോദ്യങ്ങളും ഗ്രൂപ്പിന് നൽകുന്നതാണ്. ഗ്രൂപ്പംഗങ്ങൾ ഒരുമിച്ച് ആലോചിച്ച് ഒരാൾ ഉത്തരം എഴുതേണ്ടതാണ്.
- ഓരോ ഫൊറോനയിലും നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഗ്രൂപ്പു

കൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നിർണ്ണയിക്കുന്നതും സമ്മാനങ്ങൾ നൽകുന്നതുമാണ്.

- ഫൊറോനതല മത്സരങ്ങൾ 2026 ഒക്ടോബർ 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ നടത്തപ്പെടുന്നു.

## BA.18/26 ബൈബിൾ സാഹിത്യ രചനാ മത്സരങ്ങൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന അഖില കേരള ബൈബിൾ കലോത്സവത്തിന്റെ ഭാഗമായി ചെറുകഥ, ലേഖനം, കവിത ഇനങ്ങളിലായി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് രചനാ മത്സരങ്ങൾ നടത്തുന്നു. മത്സരത്തിന്റെ നിബന്ധനകൾ താഴെ ചേർക്കുന്നു.

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
2. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്.
3. രചനകൾ രജിസ്ട്രേഷൻ ഫീസായ 50 രൂപയോടൊപ്പം രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ 2026 ഒക്ടോബർ 31-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.
4. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചുനല്കുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിന് മുമ്പ് വേറെ കോപ്പി കരുതേണ്ടതാണ്.
5. രൂപതയിൽ ലഭിക്കുന്ന രചനകൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷനെ ഏല്പിക്കുന്നതാണ്.
6. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും.
7. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.
8. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.

| | | |
|---|---|---|
| **ഗ്രൂപ്പ് നമ്പർ 1** | : | **അല്മായർ** |
| വിഷയം | : | ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും |
| **ഗ്രൂപ്പ് നമ്പർ 2** | : | **സെമിനാരി വിദ്യാർത്ഥികൾ** |
| വിഷയം | : | ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും |
| **ഗ്രൂപ്പ് നമ്പർ 3** | : | **സന്ന്യാസിനികൾ** |
| വിഷയം | : | ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും, സന്ന്യസ്ത ജീവിതവും |

9. ചെറുകഥ, കവിത മത്സര ഇനങ്ങളിൽ അവതരണ വിഷയം ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ബൈബിൾ ആഭി

മുഖ്യമുള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ ചേർത്തതുകൊണ്ടോ മതിയാകുകയില്ല.

10. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും, വിലാസവും, ഫോൺ നമ്പറും, ഇടവകയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.
11. രൂപതാ തലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന രചനകൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്.

## BA.19/26 SCRIPTURA

ബൈബിൾ പകർത്തി എഴുതാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കുന്ന 'സ്ക്രിപ്തുറ ബൈബിൾ പകർത്തി എഴുത്ത് മത്സരം' ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്നു. വചനമായ ഈശോയെ ഹൃദയത്തിൽ പകർത്താൻ അവസരം ഒരുക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. പുതിയ നിയമം പൂർണ്ണമായും (വി. മത്തായി മുതൽ വെളിപാട് വരെ) പകർത്തിയെഴുതുക.
2. പുതിയ നിയമത്തിലെ എല്ലാ ഭാഗങ്ങളും അധ്യായവും വാക്യനമ്പറുകളുമുൾപ്പെടെ എഴുതണം. (ആമുഖം, അടിക്കുറിപ്പുകൾ എന്നിവ ഒഴിവാക്കാവുന്നതാണ്.)
3. മലയാളത്തിൽ എഴുതുന്നവർ പി.ഒ.സി. പുതിയ നിയമമാണ് പകർത്തി എഴുതേണ്ടത്.
4. മറ്റുഭാഷകളിൽ എഴുതുന്നവർ തങ്ങൾ എഴുതുന്ന ബൈബിൾ എഡിഷൻ ഏതാണെന്ന് അറിയിക്കേണ്ടതാണ്.
5. പകർത്തി എഴുതി പൂർത്തിയാക്കിയ ബൈബിളിന്റെ കോപ്പി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ സമർപ്പിക്കാനുള്ള അവസാന തീയതി 2027 ജനുവരി 31.
6. രജിസ്ട്രേഷൻ ഫീസ് 100 രൂപ പകർത്തി എഴുതി പൂർത്തിയാക്കിയ ബൈബിളിന്റെ കോപ്പി സമർപ്പിക്കുമ്പോൾ എൽപ്പിക്കേണ്ടതാണ്.
7. നറുക്കെടുപ്പിലൂടെ സമ്മാനാർഹരെ തെരഞ്ഞെടുക്കുന്നു. 1-ാം സമ്മാനം വിശുദ്ധനാട് തീർത്ഥാടനം, 2-ാം സമ്മാനം 20000 രൂപ, 3-ാം സമ്മാനം 10000 രൂപ, 4-ാം സമ്മാനം 2000 രൂപ.
8. മുൻ വർഷങ്ങളിൽ പുതിയനിയമം മുഴുവൻ എഴുതി പൂർത്തിയാക്കിയവർക്ക് അത് മത്സരത്തിനായി സമർപ്പിക്കാവുന്നതാണ്.
9. സമ്പൂർണ്ണ ബൈബിൾ (ഉല്പത്തി മുതൽ വെളിപാട് വരെ) മുഴുവൻ എഴുതി പൂർത്തിയാക്കിയവർക്കും ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നവർക്കും അത് മത്സരത്തിനായി സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്നവയിൽ നിന്ന് നറുക്കെടുപ്പിലൂടെ സമ്മാനാർഹരെ തെരഞ്ഞെടുക്കുകയും അവർക്ക്

ഈ പറയുന്ന സമ്മാനങ്ങൾ നല്കുന്നതുമാണ്. 1-ാം സമ്മാനം വിശുദ്ധനാട് തീർത്ഥാടനം, 2-ാം സമ്മാനം 20000 രൂപ, 3-ാം സമ്മാനം 10000 രൂപ, 4-ാം സമ്മാനം 2000 രൂപ.

10. ഈ മത്സരത്തെക്കുറിച്ചുള്ള സംശയ നിവാരണത്തിനായി 9061164003 (ഫാ. തോമസ് പഞ്ഞിക്കുന്നേൽ) എന്ന നമ്പറിൽ വിളിക്കാവുന്നതാണ്

# ക്രിസ്തുജ്യോതി
## വിശ്വാസ പരിശീലന കേന്ദ്രം

### CJ.35/26 മതാധ്യാപക കൺവെൻഷനുകൾ

സെപ്റ്റംബർ മാസത്തിൽ അടിമാലി, വെള്ളയാംകുടി, നെടുങ്കണ്ടം എന്നീ സെന്ററുകളിൽ വച്ച് മതാധ്യാപക കൺവെൻഷനുകൾ നടത്തി. ഒക്ടോബർ മാസത്തിലെ കൺവെൻഷനുകൾ മാങ്കുളം (ഒക്ടോബർ 17 ശനി), തങ്കമണി (ഒക്ടോബർ 31 ശനി) എന്നീ സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നതാണ്.

### CJ.36/26 ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് മത്സരം നല്ല രീതിയിൽ നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാ ഡയറക്ടറച്ചന്മാർക്കും പ്രധാന അധ്യാപകർക്കും പ്രത്യേക നന്ദി. ഈ വർഷം ജനസംഖ്യാനുപാതത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് രണ്ടാം സ്ഥാനം ഇടുക്കി രൂപയ്ക്ക് ലഭിച്ചു.

### CJ.37/26 മിഷൻ, ജപമാല മാസാചരണം

ഒക്ടോബർ മാസം ജപമാല മാസമായും മിഷൻ മാസമായും ആചരിക്കുന്നു. ഒക്ടോബർ നാലാം തീയതി വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളാണ്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ചരമത്തിന്റെ 800-ാം വാർഷികത്തിനോടനുബന്ധിച്ച് ഈ വർഷം പ്രത്യേക ഫ്രാൻസിസ്കൻ ജൂബിലി വർഷമായി തിരുസഭ ആചരിക്കുകയാണ്. ഫ്രാൻസിസ്കൻ ജൂബിലി വർഷത്തെപ്പറ്റിയുള്ള കാര്യങ്ങൾ കുട്ടികളെ അറിയിക്കേണ്ടതാണ്. ജൂബിലി വർഷവുമായി ബന്ധപ്പെട്ട മറ്റ് നിർദ്ദേശങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി നൽകുന്നതാണ്.

### CJ.38/26 മിഷൻ ക്വസ്റ്റ്

മിഷനെ അറിയുക, മിഷനെ സ്നേഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നിന്നും നടത്തപ്പെടുന്ന ഇന്ത്യയിലും വിദേശത്തുമുള്ള എല്ലാ സീറോ മലബാർ രൂപതകളിലെയും വിശ്വാസികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്വിസ് പ്രോഗ്രാമാണിത്. മോഡൽ ചോദ്യങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി നൽകുന്നതാണ്. ഡിസംബർ 6-ാം തീയതി

ഞായറാഴ്ച വൈകിട്ടാണ് മത്സരം നടക്കുക. മറ്റു വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**A. പാഠഭാഗങ്ങളും മാർക്ക് വിഭജനവും :**

a) ബൈബിൾ : വി. യോഹന്നാന്റെ സുവിശേഷം (1 – 12 അധ്യായങ്ങൾ) (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ) - 25 %

b) മിഷൻ : ആദ് ജെന്തസ് (AD GENTES) Decree of Vatican Council II on The Mission of the Church - 30 %

c) മതബോധനം : സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം : അധ്യായം 4 (പേജ് 66 – 99) - 30 %

d) പൊതുവിജ്ഞാനം : സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരിക്കുന്ന 'സീറോ മലബാർ വിഷൻ' എന്ന പ്രസിദ്ധീകരണം (2026 ജനുവരി മുതൽ സെപ്റ്റംബർ വരെ) – 15%

(Visit the website https://syromalabarvision.com/epaper/)

**B. നിർദ്ദേശങ്ങൾ :**

1. **വിവരലഭ്യത** : ഇമെയിൽ : missionquestsym@gmail.com, വാട്ട്സ്ആപ്പ് : 9496038700.
2. **രജിസ്ട്രേഷൻ** : മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ ഗൂഗിൾ ഫോമിൽ നിങ്ങളുടെ പേര്, വീട്ടുപേര്, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, ഇടവക, രൂപത എന്നിവ നൽകണം.
3. **ഭാഷകളുടെയും പഠനസാമഗ്രികളുടെയും ലഭ്യത** : മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക് ഭാഷകളിൽ ക്വിസ് നടത്തപ്പെടും. വിവിധ ഭാഷകളിൽ ചോദ്യോത്തര രൂപത്തിൽ പഠനസാമഗ്രികൾ ലഭ്യമാക്കുന്നതാണ്. എന്നാൽ കൂടുതൽ വിവരങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും മാത്രം ലഭ്യമാകും. www.syromalabarmission.com–ൽ നൽകിയിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും പഠനസാമഗ്രികളും ട്യൂട്ടോറിയലുകളും ദയവായി പിന്തുടരുക. കൂടാതെ താഴെപ്പറയുന്ന മാധ്യമങ്ങൾ സന്ദർശിക്കുക :
   (a) YouTube (b) Facebook (c) Instagram: Syro-Malabar Mission.
4. **വിജയികൾ** : മികച്ച ഉത്തരങ്ങൾ നൽകിയവരിൽ നിന്നും വിജയികളെ തിരഞ്ഞെടുക്കും. കൂടുതൽ പേർക്ക് ഒരേ മാർക്ക് ലഭിച്ചാൽ, വേഗത്തിൽ സമർപ്പിച്ചവർക്കാണ് മുൻഗണന.
5. **വിഭാഗങ്ങൾ** : ഈ പ്രാവശ്യം മത്സരാർത്ഥികളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട് : (1) ജൂനിയേഴ്സ് (20 വയസ്സിന് താഴെ – 6th Dec 2006 ന് ശേഷം ജനിച്ചവർ), (2) അഡൽട്ട്സ് (21 – 40 വയസ്സിനും ഇടയിൽ – 6th Dec 1986 ന് ശേഷവും 5th Dec 2006 ന് മുൻപും ജനിച്ചവർ), (3) സീനിയേഴ്സ് (41 വയസ്സിന് മുകളിൽ – 6th Dec 1986 ന് മുൻപ് ജനിച്ചവർ). ഓരോ വിഭാഗത്തിനും

വ്യത്യസ്തമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

6. **സമ്മാനങ്ങൾ** : കൂടുതൽ വിഭാഗങ്ങൾ ഉൾപ്പെടുത്തിയതിനാൽ സമ്മാനത്തുക യിൽ മാറ്റം വരുത്തിയിരിക്കുന്നു.

| | ആഗോള തലത്തിൽ | രൂപതാ തലത്തിൽ |
|---|---|---|
| I | ₹12,000 | ₹1,200 |
| II | ₹11,000 | ₹1,100 |
| III | ₹10,000 | ₹1,000 |

- മുകളിൽ പറഞ്ഞ സമ്മാനം കൂടാതെ, മുഴുവൻ മാർക്ക് നേടുന്ന എല്ലാ മത്സ രാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.
- എല്ലാ രൂപതാതല സമ്മാന ജേതാക്കൾക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കും. എന്നാൽ 90% ന് മുകളിലുള്ള മാർക്ക് നേടുന്നവർക്കും ഇന്ത്യയിൽ നിന്നുള്ള വർക്കും മാത്രമാണ് കാഷ് അവാർഡ് നൽകുന്നത്.

### CJ.39/26 YES ക്യാമ്പ്

പൂജാ അവധിയ്ക്ക് (ഒക്ടോബർ 20, 21) മുരിക്കാശേരി പാവനാത്മാ കോളേജിൽ വച്ച് YES ട്രെയിനിംഗ് പ്രോഗ്രാമിലെ സെന്റ് ജൂഡ് ബാച്ചിന്റെ രണ്ടാ മത്തെ ക്യാമ്പ് നടത്തപ്പെടുന്നതാണ്.

### CJ.40/26 മതാധ്യാപക ദിനം

നവംബർ 4-ാം തീയതി മതാധ്യാപകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാളാണ്. അതിനുശേഷം വരുന്ന ഞായറാഴ്ചയായ നവംബർ 8-ന് മതാധ്യാപക ദിനമായി ആചരിക്കുമല്ലോ.

## CORPORATE EDUCATIONAL AGENCY

### EA.23/26 ലഹരി വിരുദ്ധ ദിനം

വളർന്നുവരുന്ന പുതുതലമുറയുടെ ഭാവിക്ക് ഈ കാലഘട്ടത്തിൽ ഏറ്റ വും വലിയ ഭീഷണി ഉയർത്തുന്ന തിന്മയാണ് വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്ക ളുടെ ഉപയോഗം. സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ ചില കുട്ടികൾ ഇത്തരം തിന്മയ്ക്ക് അടിമകളായി തീരുന്നു എന്ന വസ്തുത ഏറെ ആശങ്കാജനകമാണ്. എല്ലാ അധ്യാപകരും തങ്ങളുടെ വിദ്യാർത്ഥികൾ ഇത്തരം അപകടകരമായ തിന്മ കളിൽ വീഴാതിരിക്കുവാൻ നിരന്തരമായ ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യ മാണ്. നമ്മുടെ സ്കൂൾ ക്യാമ്പസുകൾ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യ

ത്തോടെ ഈ വർഷവും ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ഒക്ടോബർ മാസം അഞ്ചാം തീയതി നമ്മുടെ എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് എല്ലാ പ്രധാനാധ്യാപകരെയും അധ്യാപകരെയും ഓർമ്മിപ്പിക്കുന്നു.

### EA.24/26 ജപമാല ആചരണം

ഒക്ടോബർ മാസം ജപമാല ആചരണത്തിനായി സമർപ്പിച്ചിരിക്കുന്ന മാസമാണല്ലോ. പതിവുപോലെ നമ്മുടെ എല്ലാ സ്കൂളുകളിലും ജപമാല ആചരണം ഭക്തിനിർഭരമായി നടത്തുവാൻ ശ്രമിക്കുമല്ലോ. ഈ ജപമാല ആചരണത്തിൽ സ്കൂളിലെ മുഴുവൻ അധ്യാപക - അനധ്യാപകരുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

# സോഷ്യൽ സർവ്വീസ്

### SS.49/26 മില്ലറ്റ് പദ്ധതി വിസിറ്റ്

നബാർഡിന്റെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി മറയൂർ ആദിവാസി മേഖലയിൽ നടപ്പിലാക്കിയ നവജീവൻ മില്ലറ്റ് പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി നബാർഡിന്റെ Centre for Research and Development യൂണിറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥരായ ശ്രീ. തിലക്, ശ്രീ. ജോൺ എന്നിവർ മറയൂർ ഓഫീസിലെത്തുകയും ഫയലുകൾ, ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധിക്കുകയും, മില്ലറ്റ് കർഷകരെയും അവരുടെ കൃഷി സ്ഥലങ്ങളും, സീഡ് ബാങ്ക് യൂണിറ്റും സന്ദർശിക്കുകയും ചെയ്തു. പരിപാടികൾക്ക് സൊസൈറ്റി പ്രോഗ്രാം ഓഫീസർ സിബി മാളിയേക്കൽ, കോ-ഓർഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, സെബിൻ ജോസഫ് എന്നിവർ നേതൃത്വം നല്കി.

### SS.50/26 കോഴിക്കുഞ്ഞ് വിതരണം

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ വഴി പാറത്തോട്, മുരിക്കാശേരി, രാജമുടി, നെടുങ്കണ്ടം, ഇരട്ടയാർ എന്നിവിടങ്ങളിലായി ഗ്രാമശ്രീ ഇനത്തിൽപ്പെട്ട 640 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

### SS.51/26 സേവ് എ ഫാമിലി പരിശീലന പരിപാടി

സേവ് എ ഫാമിലി പദ്ധതിയുടെ ഐശ്വര്യഗ്രാം ഓഫീസിൽ സെപ്റ്റംബർ 17, 18, 19 തീയതികളിൽ നടത്തിയ 3 ദിവസത്തെ പരിശീലന പരിപാടിയിൽ

സൊസൈറ്റിയിലെ സേവ് എ ഫാമിലി പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിബിയ അഗസ്റ്റിൻ പങ്കെടുത്തു.

**SS.52/26 ഡയാലിസിസ് സഹായം**

ഇടുക്കി രൂപത ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായി നടപ്പിലാക്കുന്ന ഡയാലിസിസ് രോഗീ സഹായ പദ്ധതിയായ 'കനിവ് '-ൽ ഉൾപ്പെട്ട 57 രോഗികൾക്ക് ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സഹായ തുകയായി Rs. 5,25,000/- രൂപ അവരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറി.

## കെ.സി.എസ്.എൽ.

**KCSL.24/26 രൂപതാതല സാഹിത്യ മത്സരം**

കെ.സി.എസ്.എൽ. രൂപതാതല സാഹിത്യ മത്സരം സെപ്റ്റംബർ നാലിന് മുരിക്കാശ്ശേരി, വാഴത്തോപ്പ്, കൂമ്പൻപാറ, ഇരട്ടയാർ, നെടുങ്കണ്ടം എന്നീ അഞ്ച് റീജണുകളിലായി നടത്തപ്പെട്ടു.

**KCSL.25/26 അധ്യാപക ദിനം**

കെ.സി.എസ്.എൽ. രൂപതാതല അധ്യാപക ദിനാഘോഷം വാഴവര സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് സെപ്റ്റംബർ ഏഴാം തീയതി നടത്തപ്പെട്ടു.

**KCSL.26/26 ലീഡേഴ്സ് ക്യാമ്പ്**

ഒക്ടോബർ മാസം 1-ാം തീയതി വൈകുന്നേരം 4 മണി മുതൽ 2-ാം തീയതി വൈകുന്നേരം 4 മണി വരെ, വിദ്യാർത്ഥികൾക്കായി ഒരു നേതൃത്വ പരിശീലന ക്യാമ്പ് നെടുങ്കണ്ടം കരുണ പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിന്നുമായി 2 ആൺകുട്ടികളെയും 2 പെൺകുട്ടികളെയും ഈ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ഓരോ സ്കൂളിൽ നിന്നും അയയ്ക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 400 രൂപ.

**KCSL.27/26 വൺ മില്യൺ റോസറി**

എ.സി.എൻ. ഇന്റർനാഷണൽ സംഘടനയുടെ നേതൃത്വത്തിൽ ലോകസമാധാനത്തിനായി ആഗോളതലത്തിൽ നടത്തുന്ന 'One Million Children Praying the Rosary' പ്രാർത്ഥനാ യജ്ഞത്തിന്റെ രൂപതാതല ആചരണം ഒക്ടോബർ 6-ന് മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

# ചെറുപുഷ്പ മിഷൻലീഗ്

**CML.38/26 മരിയൻ തീർത്ഥാടനം**

സെപ്റ്റംബർ അഞ്ചാം തീയതി ശനിയാഴ്ച, അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ നേതൃത്വത്തിൽ ഇടുക്കി രൂപതാ കുടുംബം ഒരുമിച്ച് നടത്തിയ മരിയൻ കാൽനട തീർത്ഥാടനത്തിൽ രൂപതാ, മേഖലാ, ശാഖാ തലങ്ങളിലെ CML പ്രവർത്തകർ സജീവ പങ്കാളിത്തം വഹിച്ചു.

**CML.39/26 മേഖലാ കലോത്സവങ്ങൾ**

2026-ലെ മേഖലാ കലോത്സവങ്ങൾ (സംസ്ഥാന കലോത്സവത്തിലേക്കുള്ള രണ്ടാം ഘട്ട സെലക്ഷൻ) സെപ്റ്റംബർ 12-ന് മാങ്കുളം, നെടുങ്കണ്ടം, ചുരുളി, വെള്ളയാംകുടി, രാജാക്കാട്, മുരിക്കാശേരി മേഖലകളിലും, 19-ന് വാഴത്തോപ്പ്, തങ്കമണി, ഇരട്ടയാർ, കൂമ്പൻപാറ മേഖലകളിലും 21-ാം തീയതി പാറത്തോട് മേഖലയിലും നടത്തപ്പെട്ടു. ഏറ്റവും മനോഹരമായി മേഖലാ കലോത്സവങ്ങൾ ക്രമീകരിച്ച മേഖലാ ഡയറക്ടർ അച്ചൻമാർ, വൈസ് ഡയറക്ടർ സിസ്റ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിലുള്ള മേഖലാ ടീമുകൾക്കും, വികാരിയച്ചന്റെയും, ടീം മാനേജറിന്റെയും നേതൃത്വത്തിലുള്ള ശാഖാ ടീമുകൾക്കും പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും.

രൂപതയിൽ നിന്നും നൽകിയ നിർദ്ദേശങ്ങൾ എല്ലാം പാലിച്ചുകൊണ്ട് മേഖലാ കലോത്സവങ്ങൾ മിഷൻ ചൈതന്യത്തിൽ നടത്തുന്നതിന് എല്ലാവരുടെയും ഭാഗത്തുനിന്ന് വലിയ സഹകരണമാണ് ഉണ്ടായിരുന്നത്. തുടർന്നുള്ള രൂപതാ കലോത്സവത്തിലും ഈ മിഷൻ ചൈതന്യം നമുക്ക് കാത്തുസൂക്ഷിക്കാം.

**CML.40/26 മാലിപ്പറമ്പിൽ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം സെപ്റ്റംബർ മാസത്തിലെ വിവിധ ദിനങ്ങളിലായി ശാഖ, മേഖല, രൂപത, സംസ്ഥാന തലങ്ങളിൽ നടത്തി.

മാലിപ്പറമ്പിൽ അച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ചങ്ങനാശ്ശേരിയിലെ ആർപ്പൂക്കരയിൽ വച്ച് നടന്ന സംസ്ഥാനതല മാലിപ്പറമ്പിൽ അനുസ്മരണത്തിൽ ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് 12 അംഗങ്ങൾ പങ്കെടുത്തു. സെപ്റ്റംബർ 20-ാം തീയതി നെടുങ്കണ്ടം കരുണ പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതാതല മാലിപ്പറമ്പിൽ അനുസ്മരണവും ഡയറക്ടേഴ്സ് ദിനാചരണവും നടത്തി.

## CML.41/26 സാഹിത്യ ക്യാമ്പ്

സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കാനായി സെലക്ഷൻ ലഭിച്ച കുട്ടികളും മുതിർന്നവരും ഉൾപ്പെട്ട ഇടുക്കി രൂപതാ ടീമിന്, സാഹിത്യ ക്യാമ്പും പരിശീലനവും സെപ്റ്റംബർ 20-ാം തീയതി നെടുങ്കണ്ടം കരുണ പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തി. പ്രശസ്ത എഴുത്തുകാരനും അധ്യാപകനും വാഗ്മിയുമായ ശ്രീ. ഷാജി മാലിപ്പാറ സാഹിത്യ ക്യാമ്പ് നയിച്ചു. ഡയറക്ടർ ഫാ. ഫിലിപ്പ് ഐക്കര, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് ശ്രീ. സെസിൽ ജോസ്, ഓർഗനൈസർ ശ്രീ. ജെയിംസ് തോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## CML.42/26 സംസ്ഥാന സാഹിത്യ മത്സരം

സെപ്റ്റംബർ 21-ാം തീയതി നെടുങ്കണ്ടം ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന സംസ്ഥാന സാഹിത്യ മത്സരത്തിൽ ഇടുക്കി രൂപതയിൽ നിന്നും 58 മത്സരാർത്ഥികൾ പങ്കെടുത്തു. കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നീ മത്സര ഇനങ്ങളിൽ എല്ലാ വിഭാഗങ്ങളിലും മുഴുവൻ മത്സരാർത്ഥികളും പങ്കെടുക്കുകയുണ്ടായി.

## CML.43/26 എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്റ്റംബർ 20-ാം തീയതി നെടുങ്കണ്ടം കരുണ പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ രൂപതാതല എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

## CML.44/26 മിഷൻ കൂട്ട് പ്രോഗ്രാമും ശാഖാ സന്ദർശനവും

സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച, കനകക്കുന്ന് ശാഖയിൽ സന്ദർശനവും, ഏകദിന 'മിഷൻ കൂട്ട്' പ്രോഗ്രാമും നടത്തി. ഫാ. ഫിലിപ്പ് ഐക്കര, സി. സ്റ്റാർലെറ്റ് CMC, ജെയിംസ് തോമസ് എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

## CML.45/26 ഓർമ്മിക്കാൻ

- **CML രൂപതാ കലോത്സവം** : CML രൂപതാ കലോത്സവം ഒക്ടോബർ 21-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് HSS-ൽ വച്ച് നടത്തുന്നതാണ്.
- കലോത്സവത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ സർക്കുലർ ഗ്രൂപ്പുകളിൽ നൽകുന്നതാണ്.
- **മെഗാ മിഷൻ ക്വിസ്** : CML കലോത്സവത്തിന്റെ ഭാഗമായി നടത്താറുള്ള മിഷൻ ക്വിസ് ഈ വർഷം 'മെഗാ മിഷൻ ക്വിസ് ' എന്ന പേരിൽ ഒക്ടോബർ 20-ാം തീയതി മുരിക്കാശേരിയിൽ വച്ച് നടത്തുന്നതാണ്. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, എൽഡേഴ്സ് എന്നീ 4 വിഭാഗങ്ങളിലായി നടത്തുന്ന മത്സരത്തിൽ ഓരോ ശാഖയിൽ നിന്നും പഠിച്ചൊരുങ്ങിയ ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും വീതം പങ്കെടുക്കാവുന്നതാണ്. (രൂപതാ തലത്തിൽ ഒന്നോ രണ്ടോ സ്ഥാനങ്ങൾ ലഭിച്ചാൽ നവംബർ രണ്ടാം ശനിയാഴ്ച തലശേരിയിൽ

വച്ച് നടക്കുന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാം എന്നുള്ളവർ മാത്രം രൂപത മത്സരത്തിൽ പങ്കെടുക്കുക) ക്വിസ് ഡിജിറ്റൽ രൂപത്തിൽ ആയിരിക്കും. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

# KCYM / SMYM

### KCYM.42/26 'യൂഫേൽ' ബാഡ്മിന്റൺ ടൂർണമെന്റ്

കെ.സി.വൈ.എം. എസ്.എം.വൈ.എം. ഇടുക്കി രൂപതാ സമിതി സംഘടിപ്പിച്ച 'യൂഫേൽ' ബാഡ്മിന്റൺ ടൂർണമെന്റ് ഇടുക്കി സൈബർ പോലീസ് സ്റ്റേഷൻ റിട്ടയേർഡ് സബ് ഇൻസ്പെക്ടർ ശ്രീ. സിബി ഉദ്ഘാടനം ചെയ്തു. 25-ലധികം യൂണിറ്റുകൾ മാറ്റുരച്ച മത്സരങ്ങളിൽ വനിതാ വിഭാഗം സിംഗിൾസിൽ ഉപ്പുതോട് ഒന്നും തോക്കുപാറ രണ്ടും സ്ഥാനങ്ങൾ നേടി. വനിതാ ഡബിൾസിൽ ഉപ്പുതോട് ഒന്നാമതും, ഇരട്ടയാർ രണ്ടാമതും, തോക്കുപാറ മൂന്നാമതുമെത്തി. പുരുഷ വിഭാഗം സിംഗിൾസിൽ യഥാക്രമം തോപ്രാംകുടി, ഇരട്ടയാർ, രാജമുടി എന്നീ യൂണിറ്റുകളും, ഡബിൾസിൽ മുരിക്കാശേരി, രാജമുടി, കനകക്കുന്ന് എന്നീ യൂണിറ്റുകളും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

### KCYM.43/26 'കൾച്ചറൽ വിംഗ്' ലേക്ക് സ്വാഗതം

പാട്ട്, ഡാൻസ്, അഭിനയം, പ്രസംഗം, എഴുത്ത്, വര തുടങ്ങി നിങ്ങളുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കാൻ കെ.സി.വൈ.എം. ഇടുക്കി രൂപത 'കൾച്ചറൽ വിംഗിലേക്ക് ' ഏവർക്കും സ്വാഗതം. ഗ്രൂപ്പിൽ അംഗമാകാൻ ബന്ധപ്പെടുക: 7902695510

### KCYM.44/26 മരിയൻ തീർത്ഥാടനം

ഇടുക്കി രൂപതയുടെ ആറാമത് മരിയൻ തീർത്ഥാടനം ഭക്തിസാന്ദ്രമായി നടന്നു. രാജാക്കാട് ക്രിസ്തുരാജാ ദൈവാലയത്തിൽ നിന്നും രാജകുമാരി ദൈവമാതാ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടന്ന പദയാത്രയിൽ രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേലിനൊപ്പം യുവജനങ്ങൾ മാതാവിന്റെ തിരുസ്വരൂപം വഹിച്ച് പങ്കെടുത്തു.

### KCYM.44/26 'അമ്മയെന്ന വിസ്മയം' : വീഡിയോ പരമ്പര

എട്ടുനോമ്പ് ആചരണത്തോടനുബന്ധിച്ച് ഒരുക്കിയ 'അമ്മയെന്ന വിസ്മയം' വീഡിയോ സന്ദേശ പരമ്പര ശ്രദ്ധേയമായി. പരിശുദ്ധ കന്യകാ മറിയത്തിന്റെ ജീവിത മാതൃകകളും സന്ദേശങ്ങളും യുവതലമുറയിലേക്ക് പകർന്ന് നൽകുക എന്ന ലക്ഷ്യത്തോടെയാണ് എട്ട് ദിവസങ്ങളിലായി ഈ വീഡിയോ

പരമ്പര സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പുറത്തിറക്കിയത്.

### KCYM.46/26 യൂത്ത് ഈവ്

യുവജനങ്ങളെ ഒന്നിപ്പിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ രൂപതാ സമിതി സംഘടിപ്പിക്കുന്ന 'യൂത്ത് ഈവ്' പരിപാടിക്ക് കെ.സി.വൈ.എം. ഇരട്ടയാർ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ തുടക്കമായി. സമുദായ ശാക്തീകരണം, കെ.സി.വൈ.എം. പങ്കാളിത്തം, സഭാപരമായ വിഷയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ക്ലാസുകളും യുവജന ആരാധനയും മറ്റു പരിപാടികളും നടന്നു. രൂപതയിലെ മറ്റ് ഇടവകകളിലേക്കും വരും ദിവസങ്ങളിൽ ഈ പരിപാടി വ്യാപിപ്പിക്കും.

### KCYM.47/26 'യൂഖേൽ' കായിക മാമാങ്കം

കെ.സി.വൈ.എം. - എസ്.എം.വൈ.എം. ഇടുക്കി രൂപതാ സമിതി സംഘടിപ്പിക്കുന്ന പ്രഥമ യൂത്ത് സ്പോർട്സ് മീറ്റ് 'യൂഖേൽ' ഒക്ടോബർ 10-ന് കാൽവരിമൗണ്ടിൽ അരങ്ങേറുന്നു. കായികക്ഷമതയും സൗഹൃദവും മാറ്റുരയ്ക്കുന്ന ഈ കായികമേളയിലേക്ക് രൂപതയിലെ മുഴുവൻ യുവജനങ്ങളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## ഫാമിലി അപ്പോസ്തലേറ്റ്

### FA.21/26 ഹോം മിഷൻ

ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 13 മുതൽ 25 വരെ നെടുങ്കണ്ടം ഇടവകയിൽ ഹോം മിഷൻ സംഘടിപ്പിച്ചു. വേലൂർ ഫാമിലി അപ്പോസ്തലേറ്റ് ട്രെയിനിങ് & റിസർച്ച് സെന്ററിൽ നിന്ന് എത്തിയ 33 സിസ്റ്റേഴ്സ് ഉൾപ്പെട്ട ടീം ആണ് ഭവനസന്ദർശനം നടത്തിയത്.

### FA.22/26 പ്രീമാര്യേജ് കോഴ്സ് 2026

| ആത്മജ്യോതി അടിമാലി | കരുണ നെടുങ്കണ്ടം |
|---|---|
| ഒക്ടോബർ 23 - 25 | ഒക്ടോബർ 09 - 11 |
| നവംബർ 27 - 29 | നവംബർ 13 - 15 |
| ഡിസംബർ 18 - 20 | ഡിസംബർ 11 - 13 |

സീറ്റ് മുൻകൂട്ടി ഓൺലൈനായി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.
Website : atmajyothi.site, Ph : 80787 55919, 94000 92632, 62359 31254

# മാതൃവേദി

## MV.86/26 പുതിയ രൂപതാ സമിതി

ഇടുക്കി രൂപതാ മാതൃവേദിയുടെ രൂപതാ സമിതിയിലേയ്ക്ക് താഴെപ്പറയുന്നവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

1. കൊച്ചുറാണി ജോസഫ് മുത്തനാട്ട്, ഇരട്ടയാർ – പ്രസിഡന്റ്
2. മിനി ഷാജി പുളിക്കക്കുന്നേൽ, രാജമുടി – വൈസ് പ്രസിഡന്റ്
3. തെരേസ രാരിച്ചൻ, തോപ്രാംകുടി – സെക്രട്ടറി
4. ബെൻസി ബിജു പള്ളിയ്ക്കൽ, പാറത്തോട് – ജോയിന്റ് സെക്രട്ടറി
5. തങ്കമ്മ കുര്യാക്കോസ് കന്യാകോണിൽ നാരകക്കാനം – ട്രഷറർ
6. ജിൻസി ഡേവിസ് പള്ളാശ്ശേരിൽ, അടിമാലി – സെനറ്റ് മെമ്പർ
7. നിമ്മി ഷാജു പ്ലാച്ചിക്കൽ, നെടുങ്കണ്ടം – സെനറ്റ് മെമ്പർ

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ സത്യപ്രതിജ്ഞയും സ്ഥാനാരോഹണവും മേഖലാ പ്രതിനിധികളുടെയും മേഖലാ ആനിമേറ്റർമാരുടെയും സാന്നിധ്യത്തിൽ സെപ്റ്റംബർ 12 ശനിയാഴ്ച കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. മോൺ. ജോസ് കരിവേലിക്കൽ പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. മാതൃവേദി ഇടുക്കി രൂപതാ രക്ഷാധികാരി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. കെ.സി.ബി.സി. വനിതാ കമ്മീഷൻ ഇടുക്കി രൂപതാ സെക്രട്ടറി ശ്രീമതി റോസക്കുട്ടി അബ്രഹാം പുതിയ ഭാരവാഹികളെ പൂച്ചെണ്ട് നൽകി അനുമോദിച്ചു. മാങ്കുളം മേഖലാ പ്രസിഡന്റ് ശ്രീമതി മേഴ്സി ചെറിയാൻ പറങ്കിമ്യാലിൽ പുതിയ രൂപതാ സമിതിയ്ക്ക് ആശംസകൾ നേർന്നു. മറുപടി പ്രസംഗത്തിൽ പ്രസിഡന്റ് ശ്രീമതി കൊച്ചുറാണി ജോസഫ് പഴയ ഭരണസമിതിക്ക് നന്ദി പറയുകയും, എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. സിറോമലബാർ സഭാ ആന്തം ആലപിച്ച് യോഗം അവസാനിച്ചു. തുടർന്ന് പുതിയ ഭരണസമിതി അംഗങ്ങൾ മാതൃവേദി ഓഫീസിൽ എത്തി ചുമതല ഏറ്റെടുക്കുകയും പുതിയ ഭരണസമിതിയുടെ ആദ്യ എക്സിക്യൂട്ടീവ് മീറ്റിംഗ് നടക്കുകയും ചെയ്തു.

## MV.87/26 സംഘടനാ ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും സമ്മേളനം

സെപ്റ്റംബർ 14–ാം തീയതി രൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട സംഘടനാ പ്രതിനിധികളുടെ ഏകദിന സമ്മേളനത്തിൽ മാതൃവേദി ഡയറക്ടർ,

ആനിമേറ്റർ, രൂപതാ സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**MV.88/26 പ്രയർ ബാങ്ക്**

ജപമാല റാണിയുടെ മാസമായ ഒക്ടോബർ മാസം മുതൽ ഇടുക്കി രൂപതയിലെ അമ്മമാരുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ബാങ്ക് ആരംഭിക്കുന്നു. ഒഴിവുസമയങ്ങളിൽ അമ്മമാർ ജപമാല ചൊല്ലി പ്രാർത്ഥനാ ബാങ്കിൽ നിക്ഷേപിക്കണമെന്ന് ആനിമേറ്റർ സിസ്റ്റർമാർ യൂണിറ്റിലെ അംഗങ്ങളെ ഓർമ്മിപ്പിക്കുമല്ലോ.

**MV.89/26 ഗ്ലോബൽ ഭാരവാഹി മീറ്റിംഗ്**

സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ ഹൊസൂർ രൂപതയിൽ വച്ച് നടന്ന മാതൃവേദി ഗ്ലോബൽ നേതൃസംഗമത്തിൽ ഇടുക്കി രൂപതാ സമിതി അംഗങ്ങൾ പങ്കെടുത്തു.

**MV.90/26 ഒക്ടോബർ 1 – ആനിമേറ്റേഴ്സ് ഡേ**

മാതൃവേദി രൂപതാ ആനിമേറ്റർ സി. റാണി എസ്.എച്ച്.-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 1-ാം തീയതി, സിസ്റ്ററിന് വേണ്ടി എല്ലാ മാതൃവേദി അംഗങ്ങളും പ്രാർത്ഥിക്കുമല്ലോ.

**MV.91/26 സിമിത്തേരി വൃത്തിയാക്കൽ**

ഗാന്ധിജയന്തിയോടനുബന്ധിച്ച് മാതൃവേദി യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2-നോ, സൗകര്യപ്രദമായ ഏറ്റവും അടുത്ത ഒരു ദിവസമോ ഇടവകയിലെ സിമിത്തേരി വൃത്തിയാക്കാൻ മാതൃവേദി അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

**MV.92/26 ഓൺലൈൻ ജപമാല**

ഒക്ടോബർ 10-ാം തീയതി ഈ മാസത്തെ ഓൺലൈൻ ജപമാല നടത്തുന്നു. തങ്കമണി മേഖലയാണ് നേതൃത്വം നൽകേണ്ടത്.

**MV.93/26 മാതൃവേദി ആന്തം മത്സരം**

ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച ആന്തം മത്സരത്തിൽ ഇടുക്കി രൂപത നാലാം സ്ഥാനം കരസ്ഥമാക്കി. രൂപതാ തലത്തിൽ ഒന്നാം സമ്മാനാർഹരായ നെടുങ്കണ്ടം യൂണിറ്റിലെ മാതൃവേദി അംഗങ്ങൾ ആലപിച്ച ആന്തമാണ് സമ്മാനാർഹമായത്. വിജയികൾക്കും അവരെ പരിശീലിപ്പിച്ചവർക്കും, ഡയറക്ടർ പെരിയ ബഹു. തോമസ് വട്ടമല അച്ചനും അസിസ്റ്റന്റ് ഡയറക്ടർ പള്ളിത്താഴത്ത് അബ്രാഹം അച്ചനും ആനിമേറ്റർ സി. ദിവ്യ എസ്.എച്ച്. നും മാതൃവേദി രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.



## മഡോണ സിംഗിൾസ് മിനിസ്ട്രി

**MSM.03/26 ദ്വിമാസ സമ്മേളനം**

ഇടുക്കി രൂപതയിലെ ഏകസ്ഥരായ വനിതകളുടെ ദ്വിമാസ സമ്മേളനവും ധ്യാനവും കരിമ്പൻ രൂപതാ കേന്ദ്രത്തിൽ വച്ച് നടന്നു. രൂപതാ കരിസ്മാറ്റിക് ഡയറക്ടർ ബഹുമാനപ്പെട്ട ആന്റണി പാലാപുളിക്കൽ അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു.

## കെ.സി.ബി.സി. വിമൻസ് കമ്മീഷൻ

**WC.13/26 മദർ തെരേസ ദിനാചരണം**

സെപ്റ്റംബർ 5-ന് വി. മദർ തെരേസയുടെ തിരുനാൾ ദിനത്തിൽ വാഴത്തോപ്പ് പഞ്ചായത്തിലെ ഏഴ് ഓർഫനേജുകളിലെ കെയർ ടേക്കേഴ്സിനെയും അന്തേവാസികളെയും പങ്കെടുപ്പിച്ചുകൊണ്ട് അഗതി ദിനാചരണം നടത്തി. ഇടുക്കി എ.ഡി.എം. ശ്രീമതി മിനി കെ. ജോൺ വിശിഷ്ടാതിഥി ആയിരുന്നു.

**WC.14/26 ഭവന നിർമ്മാണ സഹായം**

ക്യാൻസർ രോഗിയായ ഒരു ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ഭാഗിക സാമ്പത്തിക സഹായം നൽകി.

**WC.15/26 വിശക്കുന്ന വയറിന് അന്നം**

മെഡിക്കൽ കോളേജിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകി വരുന്ന ഇടുക്കി രൂപതാ ബെത്‌ലഹേം കാരിത്താസ് പദ്ധതിയ്ക്ക് സംഭാവന നൽകി.

**WC.16/26 രോഗീസഹായം**

മെഡിക്കൽ കോളേജ് ആശുപത്രിയിൽ വനിതാ കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തുകയും ഏതാനും രോഗികൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.



# കരുണ
## ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്റർ

**KAC.09/26 ഒക്ടോബർ മാസത്തിലെ പ്രധാന ശുശ്രൂഷകൾ**

**1. വിവാഹ ഒരുക്ക സെമിനാർ**

ഒക്ടോബർ 09 വെള്ളി 08.30 am മുതൽ 11 ഞായർ 03.30 pm വരെ

**2. കുട്ടികളുടെ ഏകദിന ബൈബിൾ കൺവൻഷൻ**

ഒക്ടോബർ 10 രണ്ടാം ശനി 09.30 am മുതൽ 01.30 pm വരെ

**3. ദൈവകരുണയുടെ മൂന്നാം ശനി കൺവൻഷൻ**

ഒക്ടോബർ 17 ശനി 09.30 am മുതൽ 03.30 pm വരെ

**4. ദൈവകരുണയുടെ ധ്യാനം**

ഒക്ടോബർ 18 ഞായർ 06.00 pm മുതൽ 22 വ്യാഴം 02.00 pm വരെ

**5. മരിയൻ കൺവൻഷൻ**

ഒക്ടോബർ 29, 30, 31 വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ (04.30 pm മുതൽ 08.30 pm വരെ)

INFAM

# ഇൻഫാം

- ഇൻഫാം ഇടുക്കി കാർഷിക ജില്ലയിൽ സെപ്റ്റംബർ മാസത്തിൽ ജോസ്പുരം, കരിക്കിൻതോളം, കിളിയാർകണ്ടം, ശെല്യാംപാറ, കൂമ്പൻപാറ എന്നീ കാർഷിക ഗ്രാമങ്ങൾ ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചു.
- പുതിയതായി ആരംഭിച്ച കാർഷിക ഗ്രാമങ്ങളിലെ അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു. കൂടാതെ വിവിധ ഇനം ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളും നൽകി.
- വിവിധ കാർഷിക ഗ്രാമങ്ങളിലെ കർഷകർ ആവശ്യപ്പെട്ടതനുസരിച്ച് ഡോളോമൈറ്റ്, എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് തുടങ്ങിയവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.



# പ്രാർത്ഥനാ ഗ്രൂപ്പ്

**PG.21/26 സബ് സോൺ പുനഃസംഘടന**

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഭാഗമായ നാല് സബ്സോണുകളിൽ പുതിയ നേതൃത്വം നിലവിൽ വന്നു. സോണൽ സർവ്വീസ് ടീം പുനഃസംഘടനയ്ക്ക് നേതൃത്വം കൊടുത്തു. തോപ്രാംകുടി അസ്സീസ്സി ധ്യാനകേന്ദ്രത്തിൽ വച്ച് ആനിമേറ്റർ ജോസഫ് നടുപ്പടവിൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ നടന്ന പുനഃസംഘടനയിലൂടെ ശ്രീ. ജോർജ്ജ് വാളിപ്ലാക്കൽ കോ-ഓർഡിറേറ്റർ ആയി തോപ്രാംകുടി സബ് സോണിൽ ഒൻപത് അംഗ സർവ്വീസ് ടീം നിലവിൽ വന്നു.

ജോർജ്ജ് കരിന്തേൽ അച്ചന്റെ ആശീർവ്വാദത്തോടെ കരിമ്പൻ സെന്റ് മേരീസ് പള്ളിയിൽ നടന്ന പുനഃസംഘടനയിലൂടെ ശ്രീ. ജോസ് കൂട്ടുങ്കലിന്റെ നേതൃത്വത്തിൽ ഒൻപത് അംഗ സർവ്വീസ് ടീമിനെ വാഴത്തോപ്പ് സബ്സോൺ നേതൃത്വത്തിലേക്ക് തെരഞ്ഞെടുത്തു.

പാറത്തോട് സെന്റ് ജോർജ്ജ് പാരിഷ് ഹാളിൽ വച്ച് സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ നടന്ന പുനഃസംഘടനയിലൂടെ ശ്രീ. ബേബി നടുവിൽപുരയിടത്തിന്റെ നേതൃത്വത്തിൽ പാറത്തോട് സബ് സോണിനും, രാജാക്കാട് സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിൽ വച്ച് ജയിംസ് തെള്ളിയാങ്കൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ നടന്ന പുനഃസംഘടനയിലൂടെ ശ്രീ. മാമച്ചൻ വട്ടക്കണ്ടത്തിലിന്റെ നേതൃത്വത്തിൽ രാജാക്കാട് സബ് സോണിനും പുതിയ സർവ്വീസ് ടീമുകൾ നിലവിൽ വന്നു.

**PG.22/26 ജീവജ്വാല അംഗത്വ വിതരണത്തിന് ആദരവ്**

കേരളത്തിലെ കരിസ്മാറ്റിക് നവീകരണത്തിന്റെ മുഖപത്രമായ 'ജീവജ്വാല' മാസികയ്ക്ക് കുറഞ്ഞ സമയത്തിനുള്ളിൽ പുതുതായി 125 പേരെ വരിക്കാരായി ചേർത്ത സോണൽ സർവ്വീസ് ടീമംഗമായ ശ്രീ. ഫ്രാൻസിസ്സ് നെല്ലിചുവട്ടിലിനെ അടിമാലി സെന്റ് ജൂഡ് പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ആദരിച്ചു. ജീവജ്വാല സർക്കുലേഷൻ മാനേജർ ശ്രീ. രാജേഷ് പിട്ടാപ്പിള്ളിൽ മുഖ്യാതിഥി ആയിരുന്നു. വികാരി ഫാ. ജോർജ്ജ് പാട്ടത്തേക്കുഴി സമ്മേളനം ഉദ്ഘാടനം ചെയ്തു. സോണൽ, സബ് സോണൽ നേതൃത്വത്തിലുള്ളവരും മറ്റ് വിശിഷ്ടാതിഥികളും സന്നിഹിതരായിരുന്നു.

**PG.23/26 ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫറൻസ്**

സെപ്റ്റംബർ 18 മുതൽ 20 വരെ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ

വച്ച് നടന്ന ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫറൻസിൽ (PUSH-2026) ഇടുക്കി സോണിൽ നിന്നും 25 പേർ പങ്കെടുത്തു.

# ജീസസ് യൂത്ത്

**JY.41/26 സർവ്വീസ് ടീം മീറ്റിംഗ്**

സെപ്റ്റംബർ മാസത്തെ സർവ്വീസ് ടീം മീറ്റിംഗ് 25, 26 തീയതികളിൽ നെടുങ്കണ്ടം കരുണ ധ്യാനകേന്ദ്രത്തിൽ വച്ച് കോ-ഓർഡിനേറ്റർ ജീസിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി.

**JY.42/26 സോണൽ നൈറ്റ് വിജിൽ**

നൈറ്റ് വിജിൽ സെപ്റ്റംബർ 18-ാം തീയതി മുരിക്കാശേരി സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

**JY.43/26 സോണൽ ഹൗസ് ഹോൾഡ്**

സോണൽ ഹൗസ് ഹോൾഡ് സെപ്റ്റംബർ ആറാം തീയതി അടിമാലി കാർമ്മൽഗിരി കോളേജ് വച്ച് നടത്തപ്പെട്ടു.

# പാവനാത്മാ കോളേജ്

**PCM.54/26 ഓപ്പറേഷൻ തൂഫാൻ ജില്ലാതല ഉദ്ഘാടനം**

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ ഓപ്പറേഷൻ തൂഫാൻ ജില്ലാതല ഉദ്ഘാടനം കോളജിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ മുഖ്യസാന്നിധ്യമായ ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തല നിർവ്വഹിച്ചു. പുതിയ കാലത്തെ ലഹരി വിപണന ശൃംഖലകളുടെ ഉറവിടം കണ്ടെത്താൻ ശാസ്ത്രീയമായ അന്വേഷണം നടത്തുമെന്നും, ലഹരി വസ്തുക്കൾ വേഗത്തിൽ കണ്ടെത്താനായി ഡോഗ് സ്ക്വാഡിന് പ്രത്യേക പരിശീലനം നൽകുമെന്നും മന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു. പ്രിൻസിപ്പൽ സിജോ പി. ജോർജ്,

ജനപ്രതിനിധികളായ എൽ.എൽ.എ.മാർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**PCM.55/26 റീൽസ് മത്സരം**

വനിതാ സമത്വ ദിനാചരണത്തിന്റെ ഭാഗമായി ഈക്വൽ ഓപ്പർച്യൂണിറ്റി സെല്ലിന്റെ (Equal Opportunity Cell) ആഭിമുഖ്യത്തിൽ 'ചേഞ്ച് ദി ലെൻസ്' (Change the Lens) എന്ന പേരിൽ റീൽസ് മത്സരം സംഘടിപ്പിച്ചു. ലിംഗസമത്വം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സർഗ്ഗാത്മക വീഡിയോകൾ ക്ഷണിച്ചുകൊണ്ട് മത്സരം നടത്തിയത്.

**PCM.56/26 യു.ജി.സി. നെറ്റ് യോഗ്യത**

ചരിത്ര വിഭാഗത്തിലെ മുൻ വിദ്യാർത്ഥിനി അനുപ്രിയ ദേവസ്യ 2026-ലെ യു.ജി.സി. നെറ്റ് (UGC-NET History) പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചു.

ബി.വോക് അക്കൗണ്ടിംഗ് ആൻഡ് ടാക്സേഷൻ വിഭാഗത്തിലെ രണ്ട് ഫാക്കൽറ്റി അംഗങ്ങൾക്ക് യു.ജി.സി. നെറ്റ് (NET) യോഗ്യത. കൊമേഴ്സ് വിഭാഗത്തിലെ അധ്യാപകരായ രേഷ്മ തങ്കച്ചൻ, ആൻമരിയ റെന്നി എന്നിവരാണ് മികച്ച വിജയം കരസ്ഥമാക്കിയത്.

**PCM.57/26 എൻ.സി.സി. കേഡറ്റ് സെലക്ഷൻ**

'എൻ.സി.സി.യിൽ ചേരൂ, അച്ചടക്കം വളർത്തൂ, ഭാവി സുരക്ഷിതമാക്കൂ' എന്ന ആഹ്വാനത്തോടെ ക്യാമ്പസ് സെലക്ഷൻ നടത്തി. അസോസിയേറ്റ് എൻ.സി.സി. ഓഫീസർ ലഫ്റ്റനന്റ് സെബിൻ ജസ്റ്റിൻ, സീനിയർ അണ്ടർ ഓഫീസർ യദുകൃഷ്ണ അശോകൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**PCM.58/26 മലയാളം പ്രസംഗ മത്സരം**

ആന്റി - നാർക്കോട്ടിക് സെല്ലും സ്പീക്കേഴ്സ് ഫോറവും സംയുക്തമായി മലയാളം പ്രസംഗ മത്സരം സംഘടിപ്പിച്ചു. ലഹരിയോട് 'No' പറയാം, 'ലഹരിമുക്ത ഭാവി കെട്ടിപ്പടുക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു മത്സരം സംഘടിപ്പിച്ചത്. മത്സരത്തിൽ റിയാന റോജൻ (II BA History) ഒന്നാം സ്ഥാനവും, നീതു റെജി (III BA History) രണ്ടാം സ്ഥാനവും സ്വന്തമാക്കി. എസ്. നൂറുൽ ആരിഫ് (I B.Com) മൂന്നാം സ്ഥാനത്തിന് അർഹനായി. ലഹരിമുക്തമായ ഒരു നല്ല നാളേക്ക് വേണ്ടി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മത്സരം സംഘടിപ്പിച്ചത്.



# സന്ന്യസ്തർ

### 1. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീ സമൂഹം (FCC)

- മുരിക്കാശ്ശേരി അൽഫോൻസ പാലിയേറ്റീവ് ഹോം കെയർ യുണിറ്റിന്റെ നേതൃത്വത്തിൽ സി. ഡോ. ലിൻസി മാത്യു, സി. ജിൻസി മാത്യു എന്നിവർ വാത്തിക്കുടിയിലെ കിടപ്പുരോഗികളുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ മെഡിക്കൽ സഹായം ചെയ്തു കൊടുത്തു.
- അന്യസംസ്ഥാന തൊഴിലാളികൾക്കായി മുരിക്കാശേരി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വച്ച് ഫാ. റോയി പീടിയേക്കൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.
- കട്ടപ്പന കൃപാലയം ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന Highrange Religious Fraternity-യുടെ സമ്മേളനത്തിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു. അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സി. ശുഭ സമാപന സന്ദേശം നൽകി.
- പുതുക്കി പണിത വാത്തിക്കുടി ലൂർദ്ദ് മാതാ പള്ളിയുടെ വെഞ്ചിരിപ്പ് കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസിനും ഏതാനും സിസ്റ്റേഴ്സും പങ്കെടുത്തു.
- രാജക്കാട് നിന്ന് രാജകുമാരിയിലേക്കുള്ള ആറാമത് മരിയൻ തീർത്ഥാടനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസിൻ ഉൾപ്പെടെ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.
- അൽഫോൻസാ ഹോസ്പിറ്റലും മുരിക്കാശേരി KCYM യൂണിറ്റും സംയുക്തമായി ഉദയഗിരി ഇടവകയിൽ സൗജന്യ നേത്ര പരിശോധന നടത്തി.
- ലോക ഫിസിയോതെറാപ്പി ദിനത്തോടനുബന്ധിച്ച് അൽഫോൻസ ഹോസ്പിറ്റലിൽ വച്ച് ഫിസിയോതെറാപ്പി ക്യാമ്പ് നടത്തി.
- മാവടി ഇടവകയിൽ Sunday School കുട്ടികൾക്കായി നടന്ന സെമിനാറിൽ 'പഠനവും ലക്ഷ്യബോധവും' എന്ന വിഷയത്തെ ആസ്പദമാക്കി സി .സിജി ക്ലെയർ ക്ലാസ് എടുത്തു.

### 2. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ലീഡേഴ്സ്, ആനിമേറ്റേഴ്സ്, അധ്യാപകർ എന്നിവർക്കായി 'AI യുഗത്തിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും വിദ്യാഭ്യാസവും എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാം'

എന്ന വിഷയത്തിൽ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഫാ. ജോസ് കേളമ്പറമ്പിൽ ക്ലാസുകൾ നയിച്ചു.

- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വട്ടവടയിലെ വിവിധ അങ്കണവാടികളിൽ മാതാപിതാക്കൾക്കും കുട്ടികൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. സിസ്റ്റർ ട്രീസാ മേരി ക്ലാസുകൾക്ക് നേതൃത്വം നൽകി.
- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ബാലികാ ദിനവും ബാലഭവൻ ദിനവും ആചരിച്ചു. അമല ബാലിക ഭവനിലെയും വിമല ബാലഭവനിലെയും കുട്ടികൾ ഒരുമിച്ച് കൂടി കലാപരിപാടികൾ അവതരിപ്പിച്ചു. സി. ടെസ്‌ലിൻ അധ്യക്ഷത വഹിച്ച പരിപാടി ഫാ. ജോസഫ് തെങ്ങുംതോട്ടം ഉദ്ഘാടനം ചെയ്തു.

### 3. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

- കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന മേജർ സുപ്പീരിയേഴ്സ് മീറ്റിംഗിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റി ഉപ്പുമാക്കൽ പങ്കെടുത്തു.
- ഇറ്റലിയിലെ Valmontone-യിലുള്ള Villa Immacolata എന്ന ഭവനത്തിൽ ഒരു കെയർ ഹോം ആരംഭിച്ചു.
- ആറാമത് ഇടുക്കി രൂപത മരിയൻ തീർത്ഥാടനത്തിൽ പ്രൊവിൻസിലെ ഭൂരിഭാഗം സിസ്റ്റേഴ്സും പങ്കുചേർന്നു.
- കാക്കനാട് CMI ജനറലേറ്റിൽ വച്ചു നടന്ന SMRC മീറ്റിംഗിൽ വികർ പ്രൊവിൻഷ്യൽ സി. ലീമാ റോസ് വേലച്ചേരി, പ്രൊവിൻഷ്യൽ കൗൺസിലർ സി. ജെയിൻ വടകോട്ട് എന്നിവർ പങ്കെടുത്തു.
- ഇടുക്കി ജില്ലാ വിമൻസ് കൗൺസിലിന്റെ നേതൃത്വത്തിൽ കുയിലിമല ഗിരിറാണി വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വച്ച് നടന്ന മദർ തെരേസ ദിനാചരണത്തിൽ സി. ആൽബിൻ കാക്കനാട്ട് പങ്കെടുത്തു.
- മുളകുവള്ളി ഇടവകയിലെ Catechism PTA യോഗത്തിലും ഉദയഗിരി സെന്റ് ജോസഫ് യു.പി. സ്കൂളിലെ PTA യോഗത്തിലും ഡോ. സി. ബീന ചേറ്റാനിയിൽ ക്ലാസുകൾ നയിച്ചു.
- ഇടുക്കി രൂപതയുടെ ദനഹ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച മൂന്ന് മാസത്തെ തിയോളജി കോഴ്സിൽ 6 ആസ്പിരന്റ്സ് പങ്കെടുക്കുന്നു.

### 4. കർമ്മലമാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

- റോം, ജർമ്മനി, ബൽജിയം എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന സിസ്റ്റേഴ്സിനെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. പ്രദീപ സന്ദർശിച്ചു.

- സി. സീജ മരിയ ആൽപ്പാറ സെന്റ് ജോർജ് ദൈവാലയത്തിൽ മരിയ സന്ദേശം നൽകി.
- 6–ാമത് ഇടുക്കി രൂപത മരിയൻ തീർത്ഥാടനത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- കാക്കനാട് സി.എം.ഐ. ജനറൽ ഹൗസിൽ വച്ച് നടത്തപ്പെട്ട സീറോ മലബാർ റിലീജിയസ് കോൺഫറൻസിന്റെ (SMRC) ജനറൽ അസംബ്ലിയിൽ വികർ പ്രൊവിൻഷ്യൽ സി. റ്റോംസി മരിയ പങ്കെടുത്തു.
- കല്ലാർകുട്ടി ഇടവകയിലെ അമ്മമാർക്ക് സി. നിവ്യയും, പനംകുട്ടി ഇടവകയിൽ Catechism PTA-യ്ക്ക് സി. സീജ മരിയയും, മിഷൻലീഗിലെ കുട്ടികൾക്കായി സി. സുദീപയും സെമിനാർ നയിച്ചു.
- ദനഹ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആസ്പിരന്റ്സിന്റെ തിയോളജി കോഴ്സ് ഉദ്ഘാടനത്തിൽ വികർ പ്രൊവിൻഷ്യൽ സി. റ്റോംസി മരിയ പങ്കെടുത്തു.
- മാവടി ഇടവകയിൽ മിഷൻ ലീഗ് ക്യാമ്പിന് സി. നിവ്യ നേതൃത്വം നൽകി.

### 5. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസ സമൂഹം (SD)

- രാജകുമാരി തീർത്ഥാടനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- പണിക്കൻകുടി ക്വീൻ മേരി പബ്ലിക് സ്കൂളിൽ ഓണാഘോഷ പരിപാടികൾ വിപുലമായി നടത്തി.
- ഇടുക്കിയിൽ ഉള്ള മഠങ്ങളുടെ സോണൽ മീറ്റിംഗ് പാണ്ടിപ്പാറ, മാങ്കുളം ഭവനങ്ങളിൽ വച്ച് നടത്തി. സി. മരിയറ്റ്, സി. ഫിൽസി എന്നിവർ നേതൃത്വം കൊടുത്തു.
- പ്രോവിൻസിന്റെ ശതാബ്ദിയോട് അനുബന്ധിച്ച് വിവിധ ശുശ്രൂഷാ രംഗങ്ങളിൽ ഉള്ളവരെ ആദരിച്ചു.
- നേഴ്സറിയിൽ പഠിപ്പിക്കുന്ന സിസ്റ്റേഴ്സിനും അധ്യാപകർക്കും ഏകദിന സെമിനാർ നടത്തി.
- ശതാബ്ദി ഒരുക്കത്തിന്റെ ഭാഗമായി സിസ്റ്റേഴ്സിന് ബാച്ച് ഗാതറിങ്ങ്, ധ്യാനം എന്നിവ നടത്തി.

# നാളാഗമം

## സെപ്റ്റംബർ 2026

| | |
|---|---|
| 01 | മാങ്കുളം സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ എട്ടു നോമ്പ് തിരുനാളിന്റെ ആദ്യദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. |
| 02 | പട്ടുമല മാതാ തീർത്ഥാടന ദൈവാലയത്തിൽ എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. |
| 03 | മുരിക്കാശേരി പാവനാത്മാ കോളേജിൽ വച്ച് നടന്ന സംസ്ഥാന സർക്കാരിന്റെ ലഹരി വിമുക്ത കർമ്മ പദ്ധതി യായ തൂഫാന്റെ ഇടുക്കി ജില്ലാതല ഉദ്ഘാടനത്തിൽ പങ്കെ ടുത്ത് മുഖ്യപ്രഭാഷണം നടത്തി. |
| ” | കേരളത്തിന്റെ ബഹു. ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നി ത്തലയ്ക്ക് രൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി. |
| 04 | കോട്ടയം അതിരൂപതയുടെ നിയുക്ത സഹായ മെത്രാൻ മോൺ. തോമസ് ആനിമൂട്ടിൽ പിതാവിന് രൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി |
| ” | രൂപതാ മരിയൻ തീർത്ഥാടനത്തിന് ഒരുക്കമായി രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിൽ നടന്ന ജപമാല പ്രദക്ഷിണത്തിൽ പങ്കുചേർന്നു |
| 05 | ആറാമത് ഇടുക്കി രൂപത കാൽനട മരിയൻ തീർത്ഥാടനത്തിന് നേതൃത്വം നല്കി. |
| 08 | പരി. ദൈവമാതാവിന്റെ ജനനത്തിരുന്നാൾ ദിനത്തിൽ രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. |
| ” | പഴയരിക്കണ്ടം ഇടവകാംഗമായ ചേറ്റാനിയിൽ ജോയിയുടെ മൃതസംസ്കാര ശുശ്രൂഷകളുടെ ദൈവാലയത്തിലെ തിരു ക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. |

09 – 10 മൂന്നാറിൽ വച്ച് നടന്ന അഭി. പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

10 മഞ്ഞപ്പാറ ഇടവക തോണക്കര ജിൻസ് – സ്നോജ ദമ്പതികളുടെ അഞ്ച് മക്കളിൽ എലൈൻ റോസ് ജിൻസ്, ഏയ്ഞ്ചലിൻ ഫിലോ ജിൻസ് എന്നിവർക്ക് ആഘോഷപൂർവ്വകമായ വി. കുർബാന സ്വീകരണവും എയ്ൻസ് കാതറിൻ ജിൻസിന് പ്രവേശക കൂദാശകളും നല്കി.

11 തടിയമ്പാട് പോപ്പ് ഫ്രാൻസിസ് സോഷ്യോ എജ്യൂക്കേഷൻ സെന്ററിൽ വച്ച് നടന്ന ഇടുക്കി രൂപത പ്രസ്ബിത്തേരിയം ഉദ്ഘാടനം ചെയ്ത് ചർച്ചകൾക്ക് നേതൃത്വം നല്കി.

13 കോഴിമല സെന്റ് ജോസഫ് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

” ബഥേൽ ഇടവകാംഗമായ ഏലിക്കുട്ടി വട്ടത്തറയുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 മുരിക്കാശേരി ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ച സ്നേഹവീടിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു.

” മുരിക്കാശേരി സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലെ 1000–ാമത്തെ പരിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നല്കി.

15 – 24 ഇടുക്കി രൂപതയുടെ മിഷൻ പ്രദേശമായ അരുണാചൽ പ്രദേശിലെ സാന്താ മരിയാ മിഷൻ സന്ദർശിച്ചു.

25 കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനെ ഇടുക്കി ബിഷപ്സ് ഹൗസിൽ സ്വീകരിക്കുകയും ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തു.

26 ബഹു. മാത്യു വളവനാൽ അച്ചന്റെ 41–ാം ചരമദിനത്തിൽ മരിയാപുരം സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും മരണാനന്തര തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

29 ബഹു. ഫ്രാൻസിസ് ചുനയന്മാക്കൽ, സി. ആൻസിൽ SABS, സി. അമല SABS, സി. സിൻസി SABS എന്നിവരുടെ വത്സല പിതാവ് ശ്രീ. സി.കെ. ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് എല്ലക്കൽ ദൈവാലയത്തിൽ വച്ച് മുഖ്യകാർമ്മികത്വം വഹിച്ചു.

27 നെല്ലിപ്പാറ ഇടവകാംഗമായ മുത്തനാട്ട് ശ്രീ. വർഗ്ഗീസ് ദേവസ്യ യുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർ ത്ഥിച്ചു.

28 തങ്കമണി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി തയ്യാറാക്കിയ ലാബുകളുടേയും ഓഡിറ്റോറിയ ത്തിന്റെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

” തങ്കമണി സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ജോർദ്ദാ നിയ മാമ്മോദീസായുടെ ഭാഗമായി വടകോട്ട് ജോൺ, പനം കാലായിൽ ബെർണാർഡ്, കുമ്പളന്താനം ക്ലാര, മുല്ലപ്പള്ളി യിൽ മിഖായേൽ എന്നീ ശിശുക്കൾക്ക് പ്രവേശക കൂദാശകൾ നല്കി.

# BISHOP'S ENGAGEMENTS

**ഒക്ടോബർ 2026**

01 ........ Engaged

02 ........ കോട്ടയം : മെത്രാഭിഷേകം

03 ........ FCC കരിമ്പൻ

04 ........ വാഴത്തോപ്പ് :
ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണം

........ പോർസ്യുങ്കുള കപ്പൂച്ചിൻ ആശ്രമം, കട്ടപ്പന

05 – 08 ........ Engaged

09 – 29 ........ യൂറോപ്പ് സന്ദർശനം

31 ........ വെള്ളയാംകുടി : പൗരോഹിത്യ സ്വീകരണം

# ഓർമ്മിക്കാൻ

**ഒക്ടോബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ**

| | | |
|---|---|---|
| 01 | : | വി. കൊച്ചുത്രേസ്യ |
| 02 | : | കാവൽമാലാഖമാർ |
| 04 | : | വി. ഫ്രാൻസിസ് അസ്സീസി |
| | : | ഫ്രാൻസിസ്കൻ ജൂബിലി വർഷം രൂപതാതല ആചരണം @ വാഴത്തോപ്പ് |
| 09 – 11 | : | വിവാഹ ഒരുക്ക സെമിനാർ @ കരുണ നെടുങ്കണ്ടം |
| 10 | : | KCYM രൂപതാ സ്പോർട്സ് മീറ്റ് @ കാൽവരിമൗണ്ട് |
| 15 | : | ആവിലായിലെ വി. ത്രേസ്യ |
| 16 | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : | അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് |
| 18 | : | വി. ലൂക്കാ സുവിശേഷകൻ |
| | : | മിഷൻ ഞായർ |
| 21 | : | CML രൂപതാ കലോത്സവം @ മുരിക്കാശേരി |
| 22 | : | വി. ജോൺ പോൾ രണ്ടാമൻ |
| 23 – 25 | : | വിവാഹ ഒരുക്ക സെമിനാർ @ ആത്മജ്യോതി അടിമാലി |
| 28 | : | വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ |

*“Invoking the name of God to legitimize violence or oppression constitutes a profanation of His name. Nothing that violates human dignity can claim authentic divine inspiration. Religious discourse must constantly call for hearts and words to be disarmed.”*

𝕏 **Pope Leo XIV,** @Pontifex, 28 September 2026

Cover Design : Media Commission, Idukki
DTP & Layout : Print Design Offset Press, Cheruthony

"In the End my Immaculate Heart will Triumph."



# One Million Children Praying the Rosary

For unity and peace

1-7 October

Diocese of Idukki
www.idukkidiocese.org

Aid to the Church in Need
ACN INTERNATIONAL



Presbyterium @ Pope Francis Socio Education Centre

# Sahyanadham

RNI Reg No. KERMAL/2004/12498
Annual Subscription Rs. 500.00
Date of Publication: 01/10/2026






Printed at Print Designs Offset Press, Cheruthony - 685 602
Editor, Printer and Publisher : Fr James, Bishop's House Idukki, 685 602